# ശിർക്ക്: വിവരണം, വിഭജനം, വിധികൾ

## الشرك الاكبر والشرك الاصغر

[ **Malayalam** -മലയാളം -مليالم]

مجموعة فتاوى اللجنة الدائمة للبحوث العلمية والإفتاء
المملكة العربية السعودية

( المكتب التعاوني للدعوة والإرشادوتوعية الجاليات بالدمام )

المملكة العربية السعودية

**ഇസ്ലാമിക് കൾചറൽ സെന്റർ**
**ദമ്മാം – സൗദി അറേബ്യ**

ترجمة : عبد الجبار عبد الله المديني

**വിവർത്തനം: അബ്ദുൽ ജബ്ബാർ അബ്ദുല്ല**

**web edition by :**

കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة
الرياض-المملكة العربية السعودية

islamhouse.com

1431 – 2010

# വിവർത്തകക്കുറിപ്പ്

ശിർക്കുമായി ബന്ധപ്പെട്ട, അതിന്റെ വിവരണം, വിഭജനം, വിധികൾ, അപകടങ്ങൾ എന്നീ വിഷയങ്ങളിൽ സുപ്രധാന ങ്ങളായ ഏതാനും ചോദ്യങ്ങളും അവക്ക് സുഊദി അറേബ്യയിലെ 'അല്ലജ്നത്തുദ്ദാഇമഃ ലിൽബുഹൂഥി വൽഇഫ്താ' (പെർമെനന്റ് കമ്മിറ്റി ഫോർ ഇഫ്താ) നൽകിയ ഫത്വകളും വിവർത്തനം ചെയ്തുതയ്യാറാക്കിയതാണ് ഈ ചെറുകൃതി. ഗ്രന്ഥത്തിന്റെ അവസാനത്തിൽ, ഇസ്തിഗാഥഃയുടെ വിഷയത്തിൽ പാടുള്ളതും പാടില്ലാത്തതുമായ വശങ്ങൾ അറിയുന്നതിനുവേണ്ടി ഒരു അനുബന്ധ കുറിപ്പ് നൽകിയിട്ടുണ്ട്. ഡോ. മുഹമ്മദ് അശ്റഫ് മൗലവി അറബിയിൽ തയ്യാറാക്കിയ ഒരു പ്രബന്ധം 'വിശുദ്ധ ക്വുർആൻ ആശയ വിവർത്തനത്തിന്റെ വികാസ ചരിത്രം മലയാളത്തിൽ' എന്നപേരിൽ വിവർത്തനം ചെയ്ത ഗ്രന്ഥത്തിൽനിന്നാണ് പ്രസ്തുത കുറിപ്പ് എടുത്തിട്ടുള്ളത്.

അല്ലാഹുﷻവിന് മാത്രമാണ് ഹംദുകൾ മുഴുവനും. ഇ തിന്റെ പരിശോധന നടത്തി ആവശ്യമായ തിരുത്തലുകൾ നൽകിയത് ബഹുമാന്യർ മുഹമ്മദ് സ്വാദിക്വ് അൽമദനിയും ഷറഫുദ്ദീൻ പൂന്തുറ അവർകളുമാണ്.

നാഥാ, ഞങ്ങളുടെ കർമ്മങ്ങൾ പുണ്യങ്ങളായി നീ സ്വീകരിക്കേണമേ...., നാളെ മഹ്ശറാ വൻസഭയിൽ നിന്റെ അർശിന് താഴെ തണലേകി നീ ഞങ്ങളെ അനുഗ്രഹിക്കേണമേ.......,

അബ്ദുൽ ജബ്ബാർ അബ്ദുല്ല

# ഒന്ന്

# ശിർക്കുൽഅക്ബറും ശിർക്കുൽഅസ്വ്ഗറും തമ്മിലുള്ള വ്യത്യാസങ്ങൾ

❓ ശിർക്കുൽഅക്ബറും ശിർക്കുൽഅസ്വ്ഗറും (വലിയ ശിർക്കും ചെറിയ ശിർക്കും) തമ്മിൽ നിർവ്വചനത്തിലും വിധികളിലും വ്യ ത്യാസങ്ങൾ എന്തെല്ലാമാണ്?

✍

## ശിർക്കുൽ അക്ബർ:

ശിർക്കുൽഅക്ബർ എന്നാൽ മനുഷ്യൻ അല്ലാഹുﷻവിന് സമ ന്മാരെ നിശ്ചയിക്കലാണ്. സമന്മാരെ നിശ്ചയിക്കൽ അല്ലാഹു ﷻവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലും അവന് തുല്യനെ നിശ്ചയിക്കൽ കൊണ്ടുണ്ടാകും. അഥവാ, അല്ലാഹുﷻവിന്റെ നാമങ്ങൾക്കൊണ്ട് അവനല്ലാത്തവർക്ക് നാമകരണം ചെയ്യുക, അവന്റെ വിശേഷണങ്ങൾക്കൊണ്ട് അവനല്ലാത്തവരെ വിശേഷി ഷിക്കുകയും ചെയ്യുക. അല്ലാഹു ﷻ പറഞ്ഞു:

وَلِلَّه الأَسْمَاء الْحُسْنَى فَادْعُوهُ بِهَا وَذَرُواْ الَّذِينَ يُلْحِدُونَ فِي أَسْمَآئِهِ سَيُجْزَوْنَ مَا كَانُواْ يَعْمَلُونَ

﴿അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേ രുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക, അവന്റെ പേരു കളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ

വിട്ടുകളയുക. അ വർ ചെയ്തുവരുന്നതിന്റെ ഫലം അവർക്കു വഴിയെ നൽകപ്പെ ടും.﴾ (വി. ക്വു. അൽഅഅ്റാഫ്: 180)

അല്ലാഹുﷻവിന് പ്രത്യേകമായ നാമങ്ങൾകൊണ്ട് അ വനല്ലാത്തവർക്ക് നാമകരണം ചെയ്യലും അവന് പ്രത്യേകമാ യ വിശേഷണങ്ങൾ കൊണ്ട് അവനല്ലാത്തവരെ വിശേഷിപ്പി ക്കലും അവന്റെ നാമങ്ങളിൽ കൃത്രിമം കാണിക്കുന്നതിൽ പെ ട്ടതാണ്.

ഇബാദത്തിൽ അല്ലാഹുﷻവിന് തുല്യനെ നിശ്ചയി ക്കൽ കൊണ്ടും അവന് സമന്മാരെ സ്വീകരിക്കൽ ഉണ്ടായിത്തീ രും. അല്ലാഹുﷻവിന് പ്രത്യേകമായ പുണ്യകർമ്മങ്ങൾ അഥവാ, നമസ്കാരം, പ്രശ്നസങ്കീർണതകളിലും പ്രയാസങ്ങളിലുമുള്ള സഹായാർത്ഥന, ഗുണം നേടുവാനുള്ള സഹായതേട്ടം, ദുരിതം നീങ്ങുവാനും ആഗ്രഹം സഫലീകരിക്കുവാനും മറ്റും മരണപ്പെട്ട വരോടോ അദൃശ്യരായവരോടോ ഉയർത്തുന്ന വിളി തുടങ്ങിയ വ, സൂര്യൻ, ചന്ദ്രൻ, നബി, മലക്ക്, വലിയ്യ്, തുടങ്ങിയവർക്ക് വിന യപൂർവ്വം ചെയ്യുക. ഇവകളും ഇവ പോലുള്ളവയും അല്ലാഹു ﷻ അല്ലാത്തവർക്കുള്ള ഇബാദത്തും അല്ലാഹുﷻവോടൊപ്പം പ കാളിയെ സ്വീകരിക്കലുമാണ്. അല്ലാഹു ﷻ പറഞ്ഞു:

قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ يُوحَى إِلَيَّ أَنَّمَا إِلَهُكُمْ إِلَهٌ وَاحِدٌ فَمَن كَانَ يَرْجُو لِقَاء رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا

﴿(നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനു ഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധ്യൻ ഏക ആരാധ്യൻ മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. അതി നാൽ വല്ലവനും തന്റെ

രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുക യും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെ യും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ.﴾ (വി. ക്വു. അൽകഹ്ഫ്: 110)

ആരാധനകളിൽ അല്ലാഹുﷻവിനെ ഏകനാക്കണമെന്നറിയിക്കുന്ന ആയത്തുകൾ ഇതുപോലെ ധാരാളമാണ്.

തശ്രീഇൽ(മതനിയമനിർമ്മാണത്തിൽ) അല്ലാഹുﷻവി ന് തുല്യനെ നിശ്ചയിക്കൽ കൊണ്ടും അവന് സമന്മാരെ നി ശ്ചയിക്കൽ ഉണ്ടാകും. അല്ലാഹുﷻവെ കൂടാതെ മറ്റൊരു നിയമനിർമ്മാതാവിനെ സ്വീകരിക്കുക അല്ലെങ്കിൽ മതനിയമ നിർമ്മാണത്തിൽ അല്ലാഹുﷻവിന് പങ്കാളിയെ സ്വീകരിക്കുക യും പ്രസ്തുത പങ്കാളിയുടെ വിധിയെ തൃപ്തിപ്പെടുക, ആരാ ധന, സാമീപ്യം, വിധി, തർക്കങ്ങളിൽ പരിഹാരം എന്നീനിലക ളിൽ പ്രസ്തുത പങ്കാളിയുടെ വിധികൊണ്ട് ഹലാലാക്കിയും ഹറാമാക്കിയും അതിന് കീഴ്പ്പെടുക, പ്രസ്തുത പങ്കാളിയുടെ വിധിയെ മതമായിക്കണ്ടില്ലെങ്കിലും അങ്ങിനെ വിധിക്കുന്നത് അനുവദനീയമായി കാണുക എന്നിങ്ങനെയെല്ലാം തശ്രീഇൽ (മതനിയമ നിർമ്മാണത്തിൽ) അല്ലാഹുﷻവിന് തുല്യനെ നിശ്ച യിക്കലുണ്ടാകും. ഈ വിഷയത്തിൽ ജൂതകൈസ്തവരെ കുറി ച്ച് അല്ലാഹു ﷻ പറയുന്നു:

اتَّخَذُواْ أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَابًا مِّن دُونِ اللّهِ وَالْمَسِيحَ ابْنَ مَرْيَمَ وَمَا أُمِرُواْ إِلاَّ لِيَعْبُدُواْ إِلَـهًا وَاحِدًا لاَّ إِلَـهَ إِلاَّ هُوَ سُبْحَانَهُ عَمَّا يُشْرِكُونَ

﴿അവരുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും

മർ യമിന്റെ മകനായ മസീഹിനെയും അല്ലാഹുവിന് പുറമെ അ വർ രക്ഷിതാക്കളായി സ്വീകരിച്ചു. എന്നാൽ ഏകദൈവത്തെ ആരാധിക്കാൻ മാത്രമായിരുന്നു അവർ കൽപിക്കപ്പെട്ടിരുന്ന ത്. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. അവർ പങ്കു ചേർക്കുന്നതിൽനിന്ന് അവനെത്രയോ പരിശുദ്ധൻ!﴾ (വി. ക്വു. അത്തൗബഃ : 31)

അല്ലാഹുﷻവിന്റെ വിധിയല്ലാത്ത വിധിയിൽ തൃപ്തിപ്പെ ടുക, അല്ലാഹുﷻവിന്റെ വിധിയിലേക്ക് വിധിതേടിപ്പോകുന്നതിൽ വിമുഖനാവുക, അല്ലാഹുﷻവിന്റെ വിധിയിൽനിന്ന് തെറ്റി ഭൗ തിക നിയമങ്ങളിലേക്കും ഗോത്രപരമായ സമ്പ്രദായങ്ങളിലേ ക്കും മറ്റും വിധിതേടിപ്പോവുക എന്നീ വിഷയങ്ങളിൽ വന്നതായ ആയത്തുകളും ഹദീഥുകളും ഇതുപോലെ വേറേയുമുണ്ട്.

ഈ മൂന്ന് ഇനങ്ങളുമാകുന്നു വലിയ ശിർക്ക്. വലിയ ശിർക്ക് പ്രവർത്തിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവൻ ഇസ്‌ലാമിക മില്ലത്തിൽനിന്ന് പുറത്താവുകയും മതപരിത്യാഗി യാവുകയും ചെയ്യും. വലിയ ശിർക്ക് ചെയ്തവൻ മരണപ്പെ ട്ടാൽ അവന്റെ ജനാസഃ നമസ്കരിക്കപ്പെടുകയില്ല. മുസ്‌ലിം കളുടെ മക്വ്ബറകളിൽ അവൻ മറമാടപ്പെടുകയില്ല. അവന്റെ സമ്പത്ത് അനന്തരമെടുക്കപ്പെടുകയില്ല; പ്രത്യുത, അവന്റെ സ മ്പത്ത് ബൈത്തുൽ മാലിലേക്ക് ചേർക്കപ്പെടും. അവൻ അറു ത്തത് ഭക്ഷിക്കപ്പെടുകയില്ല. അവനെ വധിക്കൽ നിർബന്ധമാ ണെന്ന് വിധിക്കപ്പെടുകയും മുസ്‌ലിം ഭരണാധികാരി അവനെ വധിക്കുന്നത് ഏറ്റെടുക്കുകയും ചെയ്യും. എന്നാൽ, ഭരണാധി കാരി അവനിൽ വധശിക്ഷ നടപ്പാക്കുന്നതിനുമുമ്പ് അവനോട് തൗബഃ ചെയ്യുവാൻ ആവശ്യപ്പെടണം. അവൻ തൗബഃ ചെ യ്താൽ അവന്റെ

തൗബഃ സ്വീകരിക്കപ്പെടുകയും വധശിക്ഷ യിൽനിന്ന് അവൻ ഒഴിവാക്കപ്പെടുകയും മുസ്ലിംകളോട് പെ രുമാറുന്നതുപോലെ അവനോട് പെരുമാറുകയും വേണം.

## ശിർക്കുൽ അസ്വ്ഗർ

വലിയശിർക്കിലേക്ക് പഴുതാവുകയും അതിൽ ആപതിപ്പിക്കുവാൻ മാർഗ്ഗമാവുകയും മതം വിരോധിക്കുകയും ചെയ്ത എ ല്ലാം ശിർക്കുൽഅസ്വ്ഗർ(ചെറിയ ശിർക്ക്) ആകുന്നു. പ്രമാണ ങ്ങളിൽ അതിന് ശിർക്കെന്ന നാമകരണം വന്നിരിക്കുന്നു. അല്ലാഹു ﷻ അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യുന്നത് ഉദാഹ രണം. കാരണം, അല്ലാഹു ﷻ അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യൽ വലിയശിർക്കിലേക്ക് ഉതിർന്നുവീഴുവാനുള്ള വേദിയാ കുന്നു. അതിനാലാണ് നബി ﷺ, അത് വിരോധിച്ചത്. അദ്ദേഹം പറഞ്ഞതായി ഇപ്രകാരം സ്ഥിരപ്പെട്ടിരിക്കുന്നു:

« أَلاَ إِنَّ اللَّهَ يَنْهَاكُمْ أَنْ تَحْلِفُوا بِآبَائِكُمْ ، مَنْ كَانَ حَالِفًا فَلْيَحْلِفْ بِاللَّهِ ، أَوْ لِيَصْمُتْ »

((അറിയുക, നിശ്ചയം നിങ്ങൾ നിങ്ങളുടെ പിതാക്കളെക്കൊ ണ്ട് സത്യംചെയ്യുന്നത് അല്ലാഹു വിരോധിക്കുന്നു. വല്ലവനും സ ത്യം ചെയ്യുകയാണെങ്കിൽ അവൻ അല്ലാഹുവെക്കൊണ്ട് സത്യം ചെയ്യട്ടെ അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ.))(ബുഖാരി,മുസ്ലിം) മാ ത്രവുമല്ല, അല്ലാഹു ﷻ അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യുന്ന വനെ ശിർക്ക് ചെയ്യുന്നവനെന്ന് പ്രവാചകൻ ﷺ വിശേഷിപ്പിച്ചു. ഇബ്നു ഉമറി رضي الله عنه ൽനിന്ന് നിവേദനം. നബി ﷺ പറഞ്ഞു:

«مَنْ حَلَفَ بِغَيْرِ اللَّهِ فَقَدْ أَشْرَكَ »

((വല്ലവനും, അല്ലാഹു അല്ലാത്തവരെക്കൊണ്ട് സത്യംചെയ്താൽ തീർച്ചയായും അവൻ ശിർക്ക് ചെയ്തു.)) [1]

കാരണം, അല്ലാഹു ﷻ അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യുന്നതിൽ അവരെ ആദരിക്കുന്ന വിഷയത്തിലുള്ള അതിരു കവിച്ചിലാണുള്ളത്. അല്ലാഹു ﷻ അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യുമ്പോൾ അവരോടുള്ള അതിരുവിട്ട ആദരവ് ശിർക്കുൽ അക്ബറിൽ ചെന്നെത്തും.

ശിർക്കുൽഅസ്വ്ഗറിന്റെ മറ്റൊരു ഉദാഹരണത്തിൽപ്പെ ട്ടതാണ് മുസ്ലിംകളിൽ ധാരാളമാളുകളുടെ നാവുകളിൽ വന്നു പോകുന്ന 'അല്ലാഹുവും നിങ്ങളും ഉദ്ദേശിച്ചത്', 'അല്ലാഹുവും നിങ്ങളും ഇല്ലായിരുന്നുവെങ്കിൽ' എന്നുതുടങ്ങിയ വാക്കുകൾ. തീർച്ചയായും പ്രവാചകൻ ﷺ അങ്ങിനെ പറയുന്നത് വിരോധി ച്ചു. അങ്ങിനെ പറഞ്ഞവനോട്:

مَا شَاءَ اللَّهُ وَحْدَهُ

((ഏകനായ അല്ലാഹു മാത്രം ഉദ്ദേശിച്ചത്.)) [2] അല്ലെങ്കിൽ

مَا شَاءَ اللَّهُ ثُمَّ شِئْتَ

((അല്ലാഹുവും പിന്നീട് നിങ്ങളും ഉദ്ദേശിച്ചത്)) [3] എന്ന് പറയു വാൻ അദ്ദേഹം നിർദ്ദേശിച്ചു.

---

[1] *മുസ്നദുഅഹ്മദ്, തിർമുദി, ഹാകിം. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.*

[2] *മുസ്നദുഅഹ്മദ്, നസാഇ, ഇബ്നുമാജഃ. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.*

[3] *സുനനു ഇബ്നിമാജഃ. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.*

പ്രാപഞ്ചിക വസ്തുക്കളുടെ സംഭവ്യത ഉദ്ദേശിക്കുന്ന തിൽ അല്ലാഹുﷻവിന് പങ്കുകാരുണ്ടെന്ന് വിശ്വസിച്ചാലുണ്ടാകു ന്ന വലിയ ശിർക്കിനെ തടയിടുവാനാണ് അങ്ങിനെ പറയു ന്നത് വിരോധിക്കുകയും അങ്ങിനെ പറഞ്ഞവനോട് തിരുത്തു വാൻ നിർദ്ദേശിക്കുകയും ചെയ്തത്.

'ഞാൻ അല്ലാഹുവിലും താങ്കളിലും ഭരമേൽപ്പിച്ചിരിക്കു ന്നു', 'കോഴിയുടെ കൂവലും താറാവിന്റെ കരച്ചിലും ഇല്ലായി രുന്നുവെങ്കിൽ വിഭവങ്ങൾ മോഷ്ടിക്കപ്പെടുമായിരുന്നു' തുടങ്ങി യ വാക്കുകളും വലിയ ശിർക്കിലേക്ക് കവാടം തുറക്കുന്ന ശിർ ക്കുൽഅസ്വ്ഗറിന്റെ ഉദാഹരണങ്ങളാണ്.

ഇബാദത്തുകളിൽ, കർമ്മങ്ങളിലും വാക്കുകളിലും നേരി യതോതിൽ ഉണ്ടാകുന്ന ലോകമാന്യത വലിയ ശിർക്കിലേക്ക് നയിക്കുന്ന ശിർക്കുൽഅസ്വ്ഗറിൽപ്പെട്ടതാണ്. ജനങ്ങൾ കാണു ന്നതിനുവേണ്ടി ചില സന്ദർഭങ്ങളിൽ നമസ്കാരം ദീർഘിപ്പിക്കു ക, ജനങ്ങൾ കേൾക്കുവാനും പുകഴ്ത്തുവാനും ചിലപ്പോൾ ക്വുർആൻ പാരായണവും ദിക്റുചൊല്ലലും ഉച്ചത്തിലാക്കുക എന്നിവ അതിന്റെ ഉദാഹരണങ്ങളാണ്.

മഹ്മൂദ് ബ്നുലബീദിرضي الله عنهൽനിന്നും നിവേദനം: അല്ലാഹു വിന്റെ റസൂൽ ﷺ പറഞ്ഞു:

إِنَّ أَخْوَفَ مَا أَخَافُ عَلَيْكُمُ الشِّرْكُ الأَصْغَرُ قَالُوا : يَا رَسُولَ اللهِ وَمَا الشِّرْكُ الأَصْغَرُ ؟ قَالَ : الرِّيَاءُ

((നിശ്ചയം, ഞാൻ നിങ്ങളിൽ ഭയക്കുന്നതിൽ ഏറ്റവും ഭയാ നകമായത് ശിർക്കുൽഅസ്വ്ഗർ ആകുന്നു.)) അവർ

ചോദിച്ചു: അല്ലാഹുവിന്റെ തിരുദൂതരേ, എന്താണ് ശിർക്കുൽഅസ്ഗ്വർ? അദ്ദേഹം പറഞ്ഞു: ((ലോകമാന്യത.)) [1]

എന്നാൽ, ആരാധനകൾ സമൂലമായിതന്നെ ലോകമാ ന്യതയാലല്ലാതെ നിർവ്വഹിക്കാത്തവൻ അഥവാ ലോകമാന്യത യില്ലായിരുന്നുവെങ്കിൽ നമസ്കരിക്കുകയോ നോമ്പെടുക്കുക യോ ദിക്ർ ചൊല്ലുകയോ ക്വുർആൻ ഓതുകയോ ചെയ്യാ ത്തവൻ, അവൻ വലിയശിർക്ക് ചെയ്യുന്ന മുശ്രിക് ആകുന്നു. അവൻ കപടവിശ്വാസിയുമാകുന്നു. ഇത്തരം കപടവിശ്വാസിക ളെ കുറിച്ച് അല്ലാഹു ﷻ പറഞ്ഞു:

إِنَّ الْمُنَافِقِينَ يُخَادِعُونَ اللّهَ وَهُوَ خَادِعُهُمْ وَإِذَا قَامُواْ إِلَى الصَّلاَةِ قَامُواْ كُسَالَى يُرَآؤُونَ النَّاسَ وَلاَ يَذْكُرُونَ اللّهَ إِلاَّ قَلِيلاً ، مُّذَبْذَبِينَ بَيْنَ ذَلِكَ لاَ إِلَى هَـؤُلاء وَلاَ إِلَى هَـؤُلاء وَمَن يُضْلِلِ اللّهُ فَلَن تَجِدَ لَهُ سَبِيلاً ، يَا أَيُّهَا الَّذِينَ آمَنُواْ لاَ تَتَّخِذُواْ الْكَافِرِينَ أَوْلِيَاء مِن دُونِ الْمُؤْمِنِينَ أَتُرِيدُونَ أَن تَجْعَلُواْ لِلّهِ عَلَيْكُمْ سُلْطَانًا مُّبِينًا

﴿തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കുവാൻ നോക്കുകയാണ്. യഥാർത്ഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്. അവർ നമസ്കാരത്തിന് നിന്നാൽ ഉദാസീനരാ യിക്കൊണ്ടും, ആളുകളെ കാണിക്കുവാൻ വേണ്ടിയുമാണ് നിൽക്കുന്നത്. കുറച്ച്

[1] മുസ്നദുഅഹ്മദ്. അൽബാനിയും ശുഐബ് അൽഅർനാഊത്വും ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

മാത്രമേ അവർ അല്ലാഹുവെ ഓർമിക്കു കയുള്ളൂ. ഈ കക്ഷിയിലേക്കോ, ആ കക്ഷിയിലേക്കോ ചേരാതെ അതിനിടയിൽ ആടിക്കൊണ്ടിരിക്കുന്നവരാണവർ. വല്ലവനെയും അല്ലാഹു വഴിപിഴപ്പിച്ചാൽ അവന് പിന്നെ ഒരു മാർഗ്ഗവും നീ കണ്ടെത്തുകയില്ല. സത്യവിശ്വാസികളേ, നിങ്ങൾ സത്യവി ശ്വാസികളെയല്ലാതെ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. അല്ലാഹു വിന് നിങ്ങൾക്കെതിരിൽ വ്യക്തമായ തെളിവുണ്ടാക്കിവെക്കു വാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? തീർച്ചയായും കപടവി ശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു. അവർക്കൊരു സഹായിയെയും നീ കണ്ടെത്തുന്നതല്ല. എന്നാൽ പശ്ചാത്ത പിച്ച് മടങ്ങുകയും, നിലപാട് നന്നാക്കുകയും, അല്ലാഹുവെ മുറുകെപിടിക്കുകയും, തങ്ങളുടെ മതത്തെ നിഷ്കളങ്കമായി അല്ലാഹുവിനുവേണ്ടി ആക്കുകയും ചെയ്തവർ ഇതിൽ നിന്നൊഴിവാകുന്നു, അവർ സത്യവിശ്വാസികളോടൊപ്പമാകുന്നു. സത്യവിശ്വാസികൾക്ക് അല്ലാഹു മഹത്തായ പ്രതിഫലം നൽകു ന്നതാണ്.﴾ (വി. ക്വു. അന്നിസാഅ്: 142 -146)

ക്വുദ്സിയായ ഹദീഥിൽ വന്നതായ അല്ലാഹുﷻവിന്റെ വചനം അവരിൽ സത്യമായി പുലർന്നിരിക്കുന്നു. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«قَالَ اللَّه تَبَارَكَ وَتَعَالَى: أَنَا أَغْنَى الشّرَكَاءِ عَنِ الشّرْكِ، مَنْ عَمِلَ عَمَلاً أَشْرَكَ فِيهِ مَعِي غَيْرِي، تَرَكْتُهُ وَشِرْكَهُ»

((അല്ലാഹു ﷻ പറഞ്ഞിരിക്കുന്നു: ശിർക്ക് ചെയ്യുന്നവരുടെ ശിർ ക്കിനെതൊട്ട് ഞാൻ ധന്യനാണ്. ആരെങ്കിലും ഒരു കാര്യം പ്രവർത്തിക്കുകയും എന്നിട്ടതിൽ ഞാനല്ലാത്തവരെ പങ്കാളി കളാക്കുകയും ചെയ്യുന്നുവെങ്കിൽ അവനേയും

അവന്റെ ശിർ ക്കിനേയും ഞാൻ വിട്ടുകളഞ്ഞിരിക്കുന്നു.)) (മുസ്‌ലിം)

ശിർക്കുൽഅസ്വ്ഗറിൽ ആപതിച്ചവൻ ഇസ്‌ലാമികമില്ല ത്തിൽനിന്ന് പുറത്താവുകയില്ല. എന്നാൽ അത് ശിർക്കുൽ അക്ബറിന് ശേഷമുള്ള വൻപാപങ്ങളിൽ ഏറ്റവും വലിയ പാപ മാകുന്നു. അതിനാലാണ് അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് ﵁ ഇപ്രകാരം പറഞ്ഞത്:

لأن أحلف بالله كاذباً أحب إلي من أن أحلف بغيره صادقاً

"ഞാൻ കളവു പറയുന്നവനായി അല്ലാഹുവിനെക്കൊണ്ട് സ ത്യം ചെയ്യലാണ് സത്യം പറയുന്നവനായി അല്ലാഹു അല്ലാത്തവ രെ കൊണ്ട് സത്യം ചെയ്യുന്നതിനേക്കാൾ എനിക്ക് ഇഷ്ടകരം."[1]

അതിനാൽ, അവനുമായി ബന്ധപ്പെട്ട വിധികളിൽപ്പെട്ട താണ്, മുസ്‌ലിംകളോടുള്ള പെരുമാറ്റമാണ് അവനോട് പെരു മാറേണ്ടത്. അവൻ അവന്റെ ബന്ധുക്കളേയും അവർ അവനേ യും മതത്തിൽ വിവരണം വന്നതനുസരിച്ച് അനന്തരമെടു ക്കും. മരിച്ചാൽ അവന്റെ ജനാസ നമസ്കരിക്കപ്പെടും. മുസ്‌ലിം കളുടെ മക്വ്ബറകളിൽ അവൻ മറമാടപ്പെടും. അവൻ അറുത്ത ത് ഭക്ഷിക്കപ്പെടും. തുടങ്ങിയ ഇസ്‌ലാമിക നിയമങ്ങൾ. അവൻ നരകത്തിൽ ശാശ്വത വാസിയാകില്ല; നരകത്തിൽ പ്രവേശിപ്പി ക്കപ്പെട്ടാൽതന്നെ അവന്റെ വിധി അഹ്ലുസ്സുന്നഃയുടെ അടു ക്കൽ വൻപാപിയുടെ വിധിയായിരിക്കും. (അഥവാ, ഒന്നുകിൽ അവൻ അല്ലാഹു ﷻ വിന്റെ കാരുണ്യത്താൽ ശിക്ഷയിൽനിന്ന്

[1] *മുസ്വന്നഫ്, അബ്ദുർറസാക്വ്. മുഅ്ജമു ത്വബറാനി. അൽബാനി അഥ റിനെ സഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.*

മുക്തനായേക്കും അല്ലെങ്കിൽ തന്റെ കുറ്റത്തിനുള്ള ശിക്ഷ കഴിഞ്ഞാൽ അവൻ നരകത്തിൽനിന്ന് പുറത്തുകടക്കും. വിവഃ) ഖവാരിജ്, മുഅ്തസിലത്ത് കക്ഷികളുടെ വീക്ഷണങ്ങൾക്ക് എതിരാണ് അഹ്ലുസ്സുന്നഃയുടെ വീക്ഷണം. (വൻപാപം ചെ യ്തവൻ നരകത്തിൽ നിത്യനിവാസിയാണെന്നാണ് ഖവാരിജ്, മുഅ്തസിലത്ത് കക്ഷികൾ ജൽപ്പിക്കുന്നത്. വിവഃ)

അല്ലാഹുവേ, നിന്റെ തൗഫീക്വിനായി കേഴുന്നു. നമ്മുടെ പ്രവാചകൻ മുഹമ്മദ് നബിﷺയിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരന്മാരിലും സ്വലാത്തും സലാമും അല്ലാഹു ﷻ വിൽനിന്ന് സദാവർഷിക്കുമാറാകട്ടെ...[1]

---

1. *ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസിന്റെ നേതൃത്വത്തിലുള്ള* ***അല്ലജ്നത്തു ദ്ദാഇമഃ ലിൽബുഹൂഥിൽ*** *ഇൽമിയ്യ വൽ ഇഫ്താഅ്. 2: 462. ഫത്വാ നമ്പർ: 1653*

# രണ്ട്

## കലിമഃ ചൊല്ലുന്ന മുസ്ലിമും സഹായതേട്ടവും

❓ 'ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ്' എന്ന ശഹാദത്ത് ചൊല്ലുന്ന ഒരു മുസ്ലിം തന്റെ ഇരുത്തത്തിലും നിറുത്തത്തിലുമെല്ലാം യാ റസൂലല്ലാഹ്, യാ ശൈഖ് ജീലാനീ എന്നിങ്ങനെ വിളിച്ച് തേടുന്നു. ഇങ്ങനെയുള്ള സഹായത്തേ ട്ടത്തിന്റെ വിധി എന്താകുന്നു?

✍

ഉപകാരം നേടുന്നതിനും ഉപദ്രവം പോക്കുന്നതിനും മനുഷ്യർ, റസൂലിനേയോ, ജീലാനീ ശൈഖിനേയോ, തീജാനീ ശൈഖിനേ യോ, മറ്റോ വിളിച്ചുതേടുന്നതും സഹായത്തേട്ടം നടത്തുന്ന തും ആദികാല ജാഹിലിയ്യത്തിൽ വ്യാപകമായിരുന്ന വലിയ ശിർക്കിന്റെ ഇനങ്ങളിൽ ഒരിനമാകുന്നു. ഈ ശിർക്കിനെ ഇല്ലാ യ്മ ചെയ്യുവാനും, ജനങ്ങളെ ശർക്കിൽനിന്ന് രക്ഷപ്പെടുത്തു വാനും, അല്ലാഹുﷻവിന്റെ തൗഹീദിലേക്കും ആരാധനകളും ദു ആയും അല്ലാഹുﷻവിന് മാത്രമാക്കുന്നതലേക്കും ജനങ്ങളെ ഉൽബുദ്ധരാക്കുവാനുമാണ് അല്ലാഹുﷻ തന്റെ ദൂതന്മാരെ നിയോഗിച്ചത്. സാധാരണ കാര്യകാരണങ്ങൾക്കപ്പുറമുള്ള കാ ര്യങ്ങളിൽ സഹായത്തേട്ടം അല്ലാഹുﷻവോട് മാത്രമേ പാടുള്ളൂ. കാരണം, സാധാരണ കാര്യകാരണങ്ങൾക്കപ്പുറമുള്ള കാര്യങ്ങ ളിലുള്ള സഹായത്തേട്ടം ഇബാദത്താകുന്നു. വല്ലവനും അത് അല്ലാഹുﷻ അല്ലാത്തവരിലേക്ക് തെറ്റിച്ചാൽ അവൻ ശിർക്ക്

ചെയ്തവനായി. അല്ലാഹു ﷻ തൽവിഷയത്തിൽ തന്റെ ദാസന്മാരെ ഉത്ബോധിപ്പിക്കുകയും അവരോട് പ്രഖ്യാപിക്കുവാൻ ഇപ്രകാരം പഠിപ്പിക്കുകയും ചെയ്തു:

إِيَّاكَ نَعْبُدُ وإِيَّاكَ نَسْتَعِينُ

﴿നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.﴾ (വി. ക്വു. അൽഫാതിഹഃ : 5)

അല്ലാഹു ﷻ പറഞ്ഞു:

وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا

﴿പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്.﴾ (വി. ക്വു. അൽജിന്ന്: 18)

وَلاَ تَدْعُ مِن دُونِ اللّهِ مَا لاَ يَنفَعُكَ وَلاَ يَضُرُّكَ فَإِن فَعَلْتَ فَإِنَّكَ إِذًا مِّنَ الظَّالِمِينَ ، وَإِن يَمْسَسْكَ اللّهُ بِضُرٍّ فَلاَ كَاشِفَ لَهُ إِلاَّ هُوَ وَإِن يُرِدْكَ بِخَيْرٍ فَلاَ رَآدَّ لِفَضْلِهِ يُصَيبُ بِهِ مَن يَشَاء مِنْ عِبَادِهِ وَهُوَ الْغَفُورُ الرَّحِيمُ

﴿അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിന ക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർ ത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും. നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീ ക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേ ശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസൻമാരിൽ നിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ

അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറു ക്കുന്നവനും കരുണാനിധിയുമത്രെ.﴾ (വി.ക്വു. യൂനുസ്: 106,107)

ذَلِكُمُ اللَّهُ رَبُّكُمْ لَهُ الْمُلْكُ وَالَّذِينَ تَدْعُونَ مِن دُونِهِ مَا يَمْلِكُونَ مِن قِطْمِيرٍ ، إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ

﴿അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനാകുന്നു ആധിപത്യം. അവനു പുറമെ ആ രോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കു രുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്നപക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കു കയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്ന തല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂ ക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല.﴾ (വി. ക്വു. അൽഫാത്വിർ: **13**,14)

وَمَنْ أَضَلُّ مِمَّن يَدْعُو مِن دُونِ اللَّهِ مَن لَّا يَسْتَجِيبُ لَهُ إِلَى يَومِ الْقِيَامَةِ وَهُمْ عَن دُعَائِهِمْ غَافِلُونَ ، وَإِذَا حُشِرَ النَّاسُ كَانُوا لَهُمْ أَعْدَاء وَكَانُوا بِعِبَادَتِهِمْ كَافِرِينَ

﴿അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ യും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കു ന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ

പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രു ക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്ന തിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും.﴾ (വി. ക്വു. അൽഅഹ്ക്വാഫ്: 5,6)

وَمَن يَدْعُ مَعَ اللَّهِ إِلَهًا آخَرَ لَا بُرْهَانَ لَهُ بِهِ فَإِنَّمَا حِسَابُهُ عِندَ رَبِّهِ إِنَّـهُ لَا يُفْلِحُ الْكَافِرُونَ

﴿വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവത്തെയും വിളി ച്ച് പ്രാർത്ഥിക്കുന്ന പക്ഷം- അതിന് അവന്റെ പക്കൽ യാതൊ രു പ്രമാണവും ഇല്ല തന്നെ- അവന്റെ വിചാരണ അവന്റെ ര ക്ഷിതാവിന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യനി ഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച.﴾ (വി. ക്വു. അൽ മുഅ്മിനൂൻ: 117)

അല്ലാഹു ﷻ, ഈ വചനങ്ങളിൽ താനല്ലാത്തവരോട് ദുആ ചെയ്യുന്നത് കുഫ്റും ശിർക്കുമെന്ന് വിശദീകരിച്ചു. അല്ലാഹു ﷻ അല്ലാത്തവരോട് ദുആ ചെയ്യുന്നവനോളം വഴിപിഴ ച്ചവൻ മറ്റാരുമില്ലെന്ന് അവൻ പ്രഖ്യാപിച്ചു. നബി ﷺ ഇബ്നു അബ്ബാസി رضي الله عنه നോട് ഇപ്രകാരം പറഞ്ഞതായി സ്ഥിരപ്പെട്ടിട്ടുണ്ട്:

« إِذَا سَأَلْتَ فَاسْأَلِ اللهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللهِ »

((നീ ചേദിച്ചാൽ അല്ലാഹുവോട് ചോദിക്കുക. നീ സഹായം തേടിയാൽ അല്ലാഹുവോട് സഹായം തേടുക)) [1]

1. *സുനനുത്തിർമുദി. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷി പ്പിച്ചിരിക്കുന്നു.*

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«الدُّعَاءُ هُوَ الْعِبَادَةُ»

((ദുആഅ്, അതാകുന്നു ഇബാദത്ത് ))[1]

അല്ലാഹുവേ, നിന്റെ തൗഫീകിനായി കേഴുന്നു. നമ്മുടെ പ്രവാചകൻ മുഹമ്മദ് നബിﷺയിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരന്മാരിലും സ്വലാത്തും സലാമും അല്ലാഹു ﷻ വിൽനിന്ന് സദാവർഷിക്കുമാറാകട്ടെ....[2]

1. സുനനുത്തിർമുദി. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

1. ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസിന്റെ നേതൃത്വത്തിലുള്ള **അല്ലജ്നത്തുദ്ദാഇമഃ ലിൽബുഹൂഥിൽ ഇൽമിയ്യ വൽഇഫ്താഅ്.** 1: 784.

# മൂന്ന്

## ശിർക്കിന്റെ ഇനങ്ങൾ

❓ സംസാരത്തിൽ വന്നുപോകുന്ന (വാക്കാലുണ്ടാകുന്ന)ശിർക്കി ന്റെ ഇനങ്ങൾ ഏതെല്ലാമാണ്?

✍

ഇബാദത്തിന്റെ ഇനങ്ങളിൽ വല്ലതും അല്ലാഹു ﷻ അല്ലാത്തവരി ലേക്ക് തിരിക്കലാണ് ശിർക്ക്. അല്ലാഹു ﷻ അല്ലാത്തവർക്കുവേ ണ്ടി അറുക്കുക, അല്ലാഹു ﷻ അല്ലാത്തവർക്കായി നേർച്ചയാ ക്കുക, അല്ലാഹു ﷻ അല്ലാത്തവരോട് ദുആ ചെയ്യുക, ഇന്ന് ജാറങ്ങളിൽ ക്വബ്ർപൂജകർ ചെയ്യുന്നതുപോലെ മരണപ്പെട്ടവ രെ വിളിച്ചുകൊണ്ട് അവരോട് സഹായതേട്ടം നടത്തുക, മരണ പ്പെട്ടവരോട് ആവശ്യനിർവ്വഹണത്തിനും പ്രയാസങ്ങൾ നീക്കു ന്നതിനും തേടുക, ജാറങ്ങളെ ത്വവാഫ് ചെയ്യുക, മരണപ്പെട്ട വരുടെ സാമീപ്യംതേടി ജാറങ്ങളിൽ ബലി നൽകുക, മരണപ്പെ ട്ടവർക്ക് നേർച്ചയാക്കുക തുടങ്ങിയതെല്ലാം ശിർക്കിന്റെ ഉദാഹ രണങ്ങളാകുന്നു. ഇതത്രേ ശിർക്കുൽഅക്ബർ; കാരണം ശിർ ക്കുൽഅക്ബർ എന്നാൽ, ഇബാദത്തിനെ അല്ലാഹു ﷻ അല്ലാ ത്തവരിലേക്ക് തിരിക്കലാകുന്നു. അല്ലാഹു ﷻ വാകട്ടെ പറയുന്ന ത് നോക്കൂ:

﴿ فَمَن كَانَ يَرْجُو لِقَاء رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا وَلَا يُشْرِكْ بِعِبَـادَةِ رَبِّـهِ أَحَدًا

﴿..... അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ട ണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്ര വർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തു കൊള്ളട്ടെ.﴾ (വി. ക്വു. അൽകഹ്ഫ്: 110)

وَاعْبُدُواْ اللّهَ وَلاَ تُشْرِكُواْ بِهِ شَيْئًا

﴿നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാ തൊന്നിനേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക﴾ (വി. ക്വു. അന്നിസാഅ്: 36)

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاء وَيُقِيمُوا الصَّلَاةَ وَيُؤْتُوا الزَّكَاةَ وَذَلِكَ دِينُ الْقَيِّمَةِ

﴿കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കികൊണ്ട് ഋജുമന സ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാ രം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപ്പിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം﴾ (വി. ക്വു. അൽബയ്യിനഃ : 5)

ഈ വിഷയത്തിൽ ആയത്തുകൾ ധാരാളമുണ്ട്.

## ശിർക്ക് വിവിധ ഇനങ്ങളാകുന്നു:

### ഒന്ന്:

ഇസ്ലാമികമില്ലത്തിൽനിന്ന് ആളെ പുറത്താക്കുന്ന ശിർക്ക്.

ഇബാദത്തിന്റെ ഇനങ്ങളിൽ വല്ലതും അല്ലാഹു ﷻ അല്ലാത്തവരി ലേക്ക് തിരിക്കലാണ് ശിർക്കെന്ന് നാം

ഉണർത്തിയല്ലോ. അല്ലാഹു ﷻ അല്ലാത്തവർക്കുവേണ്ടി അറുക്കുക, അല്ലാഹു ﷻ അല്ലാത്തവർക്കായി നേർച്ചയാക്കുക, അല്ലാഹു ﷻ അല്ലാത്തവ രോട് ദുആ ചെയ്യുക, അല്ലാഹു ﷻ അല്ലാത്തവരോട് സഹായം തേടുക പോലുള്ളതെല്ലാം അതിൽപ്പെട്ടതാണ്. ഇസ്ലാമികമില്ല ത്തിൽ നിന്ന് ആളെ പുറത്താക്കുന്ന വലിയശിർക്കാകുന്നു ഇത്. വലിയശിർക്ക് പ്രവർത്തിക്കുന്നവൻ അല്ലാഹു ﷻ വിലേക്ക് തൗബ ചെയ്ത് മടങ്ങാത്ത അവസ്ഥയിൽ മരണപ്പെട്ടാൽ അ വൻ നരകത്തിൽ നിത്യനിവാസിയാകുന്നു. അല്ലാഹു ﷻ പറ യുന്നു:

إِنَّهُ مَن يُشْرِكْ بِاللّه فَقَدْ حَرَّمَ اللّهُ عَلَيهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ

﴾അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയാ യും അല്ലാഹു അവന്ന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നര കം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമി കൾക്ക് സഹായികളായി ആരും തന്നെയില്ല.﴿ (വി. ക്വു. അൽ മാഇദഃ : 72)

അല്ലാഹു ﷻ, തൗബഃകൊണ്ടുമാത്രമാണ് വലിയശിർക്ക് പൊറുത്തുതരിക. അല്ലാഹു ﷻ പറഞ്ഞു:

إِنَّ اللّه لاَ يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَن يَشَاء وَمَن يُشْرِكْ بِاللّه فَقَدِ افْتَرَى إِثْمًا عَظِيمًا

﴾തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറു ക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്.

ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.﴿ (വി. ഖു. അന്നി സാഅ്: 48)

**രണ്ട്:**

ശിർക്കുൻഅസ്വ്ഗർ(ചെറിയ ശിർക്ക്). അത് ഇസ്‌ലാമികമില്ല ത്തിൽനിന്ന് പുറത്താക്കുകയില്ലെങ്കിലും അതിന്റെ അപകട വും വളരെ വലുതാണ്. പണ്ഡിതന്മാരുടെ ശരിയായ അഭിപ്രാ യ പ്രകാരം ചെറിയശിർക്കും തൗബഃ കൊണ്ടല്ലാതെ പൊറു ക്കപ്പെടുകയില്ല. കാരണം, അല്ലാഹു ﷻ പറഞ്ഞു:

إِنَّ اللَّه لاَ يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَن يَشَاء وَمَن يُشْرِكْ بِاللّه فَقَدِ افْتَرَى إِثْمًا عَظِيمًا

﴾തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറു ക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.﴿ (വി. ഖു. അന്നി സാഅ്: 48) തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹുﷻ ഒരി ക്കലും പൊറുക്കുകയില്ല എന്നത് വലിയ ശിർക്കിനേയും ചെ റിയ ശിർക്കിനേയും ഉൾകൊള്ളുന്നു.

അല്ലാഹുﷻ അല്ലാത്തവരെക്കൊണ്ട് സത്യംചെയ്യൽ ചെറിയ ശിർക്കിന് ഉദാഹരണമാകുന്നു. സൃഷ്ടാവിന്റെ ഉദ്ദേശ ത്തെ സൃഷ്ടിയുടെ ഉദ്ദേശവുമായി അത്വ്ഫ് ചെയ്യുന്നതുകൊണ്ട് (സംയോജിപ്പിക്കുന്നതുകൊണ്ട്) 'അല്ലാഹുവും താങ്കളും ഉദ്ദേശി ച്ചത് എന്നവാക്കും ചെറിയ

ശിർക്കാകുന്നു. കാരണം, അത്വ്ഫ് ചെയ്യുവാനുപയോഗിച്ച സംയോജകാവ്യയമായ 'വാവ് ' പങ്കാളിയാക്കുന്നതിനെയാണ് തേടുന്നത്. ശരിയായത്, 'അല്ലാഹുവും ശേഷം താങ്കളും ഉദ്ദേശിച്ചത്'' എന്ന് പറയലാണ്. കാരണം, അത്വ്ഫ് ചെയ്യുവാനുപയോഗിച്ച 'ഥുമ്മ' എന്ന സംയോജകാ വ്യയം ശേഷം എന്ന ആശയത്തെയാണ് തേടുന്നത്.

'അല്ലാഹുവും താങ്കളും ഇല്ലായിരുന്നുവെങ്കിൽ' എന്ന വാക്കും അതിനുതുല്ല്യമായ വാക്കുകളും സംസാരത്തിൽ വന്നു പോകുന്ന ശിർക്കിന്റെ ഉദാഹരണങ്ങളാണ്.

രിയാഉം(ലോകമാന്യത) ചെറിയശിർക്കാണ്. പക്ഷേ, അ ത് ശിർക്കുൻഖഫിയ്യാ[1](ഗോപ്യമായ ശിർക്കാ)ണ്. കാരണം, രി യാഅ് ഉച്ചരിക്കപ്പെടാത്തവിധം ഹൃദയത്തിന്റെ പ്രവൃത്തികളിൽ പ്പെട്ടതാണ്. അവയവങ്ങളുടെ പ്രവൃത്തികളിലോ നാവിലോ പ്ര കടമാകാത്തതും എന്നാൽ

---

[1] *അബൂസഈദിൽ ഖുദ്രിﷺയിൽനിന്നും റസൂൽﷺ പറഞ്ഞതായി നിവേദനം:*

«أَلاَ أُخْبِرُكُمْ بِمَا هُوَ أَخْوَفُ عَلَيْكُمْ عِنْدِي مِنَ الْمَسِيحِ الدَّجَالِ؟» قَالوا: بَلَىٰ. فَقَالَ: «الشِّرْكُ الْخَفِيّ: يَقُومُ الرَّجُلُ يُصَلِّي فَيُزَيِّنُ صَلاَتَهُ لِمَا يَرَى مِنْ نَظرِ رَجُلٍ إليه»

*''മസീഹുദജ്ജാലിനേക്കാൾ നിങ്ങളുടെമേൽ ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെടുന്ന ഒന്നിനെക്കുറിച്ച് നിങ്ങൾക്ക് അറിയിച്ചുതരട്ടയോ'' അവർ പറഞ്ഞു: അതെ. അദ്ദേഹം പറഞ്ഞു: ((ഗോപ്യമായ ശിർക്കാണത്; ഒരാൾ നമസ്കരിക്കുവാൻ നിൽക്കുകയും മറ്റൊരാൾ തന്നിലേക്ക് നോക്കുന്നു എന്നതുകൊണ്ട് അയാൾ തന്റെ നമസ്കാരത്തെ ഭംഗി കൂട്ടുകയും ചെയ്യുന്നു. (മുസ്നദുഅഹ്മദ്. അൽബാനി ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചിരിക്കുന്നു.)*

ഹൃദയത്തിൽ മാത്രം ഉണ്ടാവുക യും ചെയ്യുന്ന ഒന്നാണ് ലോകമാന്യത. അത് അല്ലാഹുﷻവ ല്ലാതെ മറ്റാരും അറിയുകയില്ല.

അപ്പോൾ ശിർക്ക്, വലിയ ശിർക്ക്, ചെറിയ ശിർക്ക്, ഗോ പ്യമായ ശിർക്ക് എന്നിങ്ങനെ മൂന്ന് ഇനങ്ങളാണ്. ലോകമാന്യ തയും ഹൃദയത്തിൽ അല്ലാഹുﷻ അല്ലാത്തവർക്കായുള്ള ഉദ്ദേ ശലക്ഷ്യങ്ങളുമാണ് ഗോപ്യമായ ശിർക്ക്.

## ലോകമാന്യത:

ഒരാൾ, ബാഹ്യവശം അല്ലാഹുﷻവിനെന്ന് തോന്നിപ്പി ക്കുംവിധം ഒരു പ്രവൃത്തി ചെയ്യുകയും എന്നാൽ, പ്രസ്തുത പ്രവൃത്തികൊണ്ട് അല്ലാഹുﷻവെ ഉദ്ദേശിക്കാതെ ജനങ്ങൾ ത ന്നെ പുകഴ്ത്തുക, സ്തുതിക്കുക, ഭൗതികമായ വല്ലതാൽപര്യ ങ്ങളും നേടുക തുടങ്ങിയ കാര്യങ്ങൾ ഉദ്ദേശിക്കുകയും ചെയ്യു ന്നതിനെയാണ് രിയാഅ് അർത്ഥമാക്കുന്നത്. അല്ലാഹു ﷻ പറഞ്ഞു:

مَن كَانَ يُرِيدُ الْحَيَاةَ الدُّنْيَا وَزِينَتَهَا نُوَفِّ إِلَيْهِمْ أَعْمَالَهُمْ فِيهَا وَهُمْ فِيهَا لاَ يُبْخَسُونَ ، أُوْلَـئِكَ الَّذِينَ لَيْسَ لَهُمْ فِي الآخِرَةِ إِلاَّ النَّارُ وَحَبِطَ مَا صَنَعُواْ فِيهَا وَبَاطِلٌ مَّا كَانُواْ يَعْمَلُونَ

﴿ഐഹികജീവിതത്തെയും അതിന്റെ അലങ്കാരത്തെയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തന ങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നാം നിറവേറ്റി കൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരു ത്തപ്പെടുകയില്ല. പരലോകത്ത് നരകമല്ലാതെ

മറ്റൊന്നും കി ട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ച തെല്ലാം പൊളിഞ്ഞുപോയിരിക്കുന്നു. അവർ ചെയ്തുകൊണ്ടി രിക്കുന്നതെല്ലാം ഫലശൂന്യമത്രെ.﴿ (വി. ക്വു. ഹൂദ്: 15,16)

ഹജ്ജ് ചെയ്യുകയോ വിജ്ഞാനം തേടുകയോ അല്ലെ ങ്കിൽ ഇബാദത്തുകളിൽ വല്ലതും അനുഷ്ഠിക്കുകയോ ചെ യ്യുന്ന ഒരു വ്യക്തി, തന്റെ കർമ്മംകൊണ്ട് ഭൗതികമായ വല്ല താൽപര്യങ്ങളുമാണ് നിയ്യത്താക്കുന്നതെങ്കിൽ അയാൾ ഭൗതി കത മാത്രമാണ് ഉദ്ദേശിക്കുന്നത്. അതാകട്ടെ കർമ്മത്തെത്ത ന്നെ പൊളിച്ചുകളയും.

ലോകമാന്യത കർമ്മങ്ങളെ നിഷ്ഫലമാക്കും. കർമ്മങ്ങൾ കൊണ്ട് ഭൗതികത ലക്ഷ്യമാക്കുന്നത് കർമ്മത്തെത്തന്നെ പൊ ളിച്ചുകളയും. മഹ്മൂദ് ഇബ്നു ലബീദി ﵁ൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

إِنَّ أَخْوَفَ مَا أَخَافُ عَلَيْكُمُ الشِّرْكُ الأَصْغَرُ قَالُوا : يَا رَسُولَ اللهِ وَمَا الشِّرْكُ الأَصْغَرُ ؟ قَالَ : الرِّيَاءُ.

((നിശ്ചയം, ഞാൻ നിങ്ങളിൽ ഭയക്കുന്നതിൽ ഏറ്റവും ഭയാ നകമായത് ശിർക്കുൽഅസ്വ്ഗർ ആകുന്നു.)) അവർ ചോദിച്ചു: അല്ലാഹുവിന്റെ തിരുദൂതരേ, എന്താണ് ശിർക്കുൽ അസ്വ്ഗർ? അദ്ദേഹം പറഞ്ഞു: ((ലോകമാന്യത.)) [1]

അല്ലാഹുവിന്റെ റസൂൽ ﷺ അബൂബകറി ﵁ നോട് പറഞ്ഞു:

---

1. *മുസ്നദു അഹ്മദ്, അൽബഗവി, ത്വബറാനി. ശുഐബ് അൽഅർ നാഊത്ത്വ് ഹദീഥിന്റെ സനദിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിരിക്കുന്നു.*

«والّذِي نَفْسِي بِيَدِهِ لَلشِّرْكُ أَخْفَى مِنْ دَبِيبِ النَّمْلِ، ألاَ أَدُلُّـكَ عَلَى شَيْءٍ إِذَا فَعَلْتَهُ ذَهَبَ عَنْكَ قَلِيلُهُ وَكَثِيرُهُ؟ قُلْ: اللَّهُمَّ إِنِّي أَعُـوذُ بِـكَ أَنْ أُشْرِكَ بِكَ وَأَنا أَعْلَمُ، وَأَسْتَغْفِرُكَ لِماَ لاَ أَعْلَمُ»

((അബൂബക്കർ, എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവ നാണ് സത്യം നിശ്ചയം, ശിർക്ക് ഉറുമ്പ് അരിക്കുന്നതിനേ ക്കാൾ ഗോപ്യമാണ്. താങ്കൾക്ക് ഒരു കാര്യം ഞാൻ അറിയിച്ച് തരട്ടയോ? താങ്കൾ അത് പ്രവർത്തിച്ചാൽ ശിർക്ക് കുറച്ചായാ ലും കൂടുതലായാലും, താങ്കളിൽനിന്ന് അത് പൊയ്പോകും. (പ്രവാചകൻﷺ) പറഞ്ഞു: താങ്കൾ പറയുക:

اللَّهُمَّ إِنِّي أَعُوذُ بِكَ أَنْ أُشْرِكَ بِكَ وَأَناَ أَعْلَمُ، وَأَسْتَغْفِرُكَ لِماَ لاَ أَعْلَمُ

“അല്ലാഹുവേ, ഞാൻ അറിഞ്ഞുകൊണ്ട് നിന്നിൽ പങ്കുചേർ ക്കുന്നതിൽനിന്ന് ഞാൻ നിന്നിലഭയം തേടുന്നു, ഞാനറിയാ ത്തതിൽ നിന്ന് നിന്നോട് ഇസ്തിഗ്ഫാറിനെ തേടുകയും ചെ യ്യുന്നു))[1]

ഒരു മുസ്‌ലിം, തന്റെ വാക്കുകളും പ്രവൃത്തികളും അല്ലാഹുﷻവിന് നിഷ്ക്കളങ്കമാക്കുക എന്നതും തന്നിൽനിന്ന് ഉത്ഭൂതമാകുന്ന വാക്കിലും പ്രവൃത്തിയിലും നിയ്യത്തിലുമെ ല്ലാം അല്ലാഹുﷻവിനെ കരുതുക എന്നതുമാണ് അനിവാര്യമാ യത്. തന്റെ കർമ്മം അല്ലാഹുﷻവിങ്കൽ ശരിയായതും സ്വീകരി ക്കപ്പെടുന്നതുമാകുന്നതിന് വേണ്ടിയാണിത്.

[1] ***അദബുൽ മുഫ്റദ്, ബുഖാരി. അൽബാനി സ്വഹീഹായി അംഗീകരി ച്ചിട്ടുണ്ട്.***

അല്ലാഹുവേ, നിന്റെ തൗഫീക്വിനായി കേഴുന്നു. നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി ﷺ യിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരന്മാരിലും സ്വലാത്തും സലാമും അല്ലാഹു ﷻ വിൽനിന്ന് സദാവർഷിക്കുമാറാകട്ടെ.[1]

---

2. ***അല്ലജ്നത്തു ദ്ദാഇമഃ ലിൽബുഹൂഥിൽ ഇൽമിയ്യ വൽ ഇഫ്താഅ്.***

# നാല്

## നബി ﷺ യോട് സഹായം തേടൽ: ഒരു സുപ്രധാന ഫത്‌വ

? റസൂലേ സഹായിക്കേണമേ, നബിയേ കാക്കേണമേ എന്നിങ്ങനെ ഒരു വിഭാഗം വിളിച്ചുതേടുന്നതായി ഞങ്ങൾ കേൾക്കുന്നു. അതിൽ ഇസ്‌ലാമികവിധി എന്താണ്?

ഇത്തരം വിളികൾ വലിയ ശിർക്കാകുന്നു. ഈ വിളിയുടെ അർത്ഥം നബിﷺയോട് സഹായം തേടുക എന്നതാണ്. നബിﷺയുടെ സ്വഹാബികളും അഹ്‌ലുസ്സുന്നഃയുടെ പണ്ഡിതരായ സ്വഹാബികളുടെ പിൻതുടർച്ചക്കാരും, അമ്പിയാക്കളിൽനിന്നും മറ്റും മരണപ്പെട്ടവരോടും, മലക്കുകളിൽനിന്നും അല്ലെങ്കിൽ ജിന്നുകളിൽനിന്നും മറ്റും മറഞ്ഞവരോടും, വിഗ്രഹങ്ങളോടും, കല്ലുകളോടും, മരങ്ങളോടും, നക്ഷത്രങ്ങളോടും അതുപോലുള്ളവയോടും സഹായാർത്ഥന നടത്തുന്നത് വലിയശിർക്കാണെന്നതിൽ ഏകോപിച്ചിരിക്കുന്നു. കാരണം, അല്ലാഹു ﷻ പറഞ്ഞു:

وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا

﴿പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്.﴾ (വി. ക്വു. അൽജിന്ന്: 18)

اللَّهُ رَبُّكُمْ لَهُ الْمُلْكُ وَالَّذِينَ تَدْعُونَ مِن دُونِهِ مَا يَمْلِكُونَ مِن قِطْمِير ، إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ

﴿അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കു രുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്നപക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കു കയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്ന തല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂ ക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരുവാൻ ആരുമില്ല.﴾ (വി. ക്വു. അൽഫാത്വിർ: 13,14)

وَمَن يَدْعُ مَعَ اللَّهِ إِلَهًا آخَرَ لَا بُرْهَانَ لَهُ بِهِ فَإِنَّمَا حِسَابُهُ عِندَ رَبِّهِ إِنَّهُ لَا يُفْلِحُ الْكَافِرُونَ

﴿വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവത്തെയും വിളിച്ചുപ്രാർത്ഥിക്കുന്ന പക്ഷം- അതിന് അവന്റെ പക്കൽ യാതൊ രു പ്രമാണവും ഇല്ല തന്നെ- അവന്റെ വിചാരണ അവന്റെ ര ക്ഷിതാവിന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യനി ഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച.﴾ (വി. ക്വു. അൽ മുഅ്മിനൂൻ: 117)

ഈ അർത്ഥത്തിൽ ആയത്തുകൾ ധാരാളമാണ്. ക്വു റൈശികളിലും മറ്റും ഉൾപ്പെട്ട ആദികാല

ബഹുദൈവവിശ്വാ സികളുടെ ആദർശമായിരുന്നു ഈ പ്രവൃത്തി. നിശ്ചയം അല്ലാഹു ﷻ, ശിർക്കിനെ എതിർത്തുകൊണ്ടും അതിനെതി രിൽ മുന്നറിയിപ്പ് നൽകിക്കൊണ്ടുമാണ് മുഴുവൻ മുർസലീങ്ങ ളേയും നിയോഗിച്ചയച്ചത്. സർവ്വവേദഗ്രന്ഥങ്ങളേയും അവതരി പ്പിച്ചതും. അല്ലാഹു ﷻ പറഞ്ഞു:

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُواْ اللَّه وَاجْتَنِبُواْ الطَّاغُوتَ فَمِـنْهُم مَّنْ هَـدَى اللَّه وَمِـنْهُم مَّـنْ حَقَّـتْ عَلَيْـهِ الضَّـلالَةُ فَسِـيرُواْ فِي الأَرْضِ فَانظُرُواْ كَيْفَ كَانَ عَاقِبَةُ الْمُكَذِّبِينَ

﴿തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നി യോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർ മൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.)....﴾ (വി. ക്വു. അന്നഹ്ൽ: 36)

وَمَـا أَرْسَـلْنَا مِـن قَبْلِـكَ مِـن رَّسُـولٍ إِلَّا نُـوحِي إِلَيْـهِ أَنَّـهُ لَا إِلَهَ إِلَّا أَنَـا فَاعْبُـدُونِ

﴿ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല.﴾ (വി. ക്വു. അൽഅമ്പിയാഅ്: 25)

الَر كِتَابٌ أُحْكِمَتْ آيَاتُهُ ثُمَّ فُصِّلَتْ مِن لَّدُنْ حَكِـيمٍ خَبِـيرٍ، أَلاَّ تَعْبُـدُواْ إِلاَّ اللَّه إِنَّنِي لَكُم مِّنْهُ نَذِيرٌ وَبَشِيرٌ

﴿അലിഫ്-ലാം-റാ. ഒരു പ്രമാണഗ്രന്ഥമത്രെ ഇത്. അതിലെ വച നങ്ങൾ ആശയഭദ്രതയുള്ളതാക്കപ്പെട്ടിരിക്കുന്നു. പിന്നീടത് വി ശദീകരിക്കപ്പെട്ടിരിക്കുന്നു. യുക്തിമാനും

സൂക്ഷ്മജ്ഞാനി യുമായ അല്ലാഹുവിന്റെ അടുക്കൽ നിന്നുള്ളതത്രെ അത്. എന്തെന്നാൽ അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്ക രുത്. തീർച്ചയായും അവങ്കൽ നിന്ന് നിങ്ങളിലേക്ക് നിയോഗി ക്കപ്പെട്ട താക്കീതുകാരനും സന്തോഷവാർത്തക്കാരനുമത്രെ ഞാൻ.﴾ (വി. ക്വു. ഹൂദ് : 1,2)

تَنزِيلُ الْكِتَابِ مِنَ اللَّهِ الْعَزِيزِ الْحَكِيمِ، إِنَّا أَنزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ فَاعْبُدِ اللَّهَ مُخْلِصًا لَّهُ الدِّينَ ، أَلَا لِلَّهِ الدِّينُ الْخَالِصُ وَالَّذِينَ اتَّخَذُوا مِن دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَى إِنَّ اللَّهَ يَحْكُمُ بَيْنَهُمْ فِي مَا هُمْ فِيهِ يَخْتَلِفُونَ إِنَّ اللَّهَ لَا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ

﴿ഈ ഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും യുക്തിമാനു മായ അല്ലാഹുവിങ്കൽ നിന്നാകുന്നു. തീർച്ചയായും നിനക്ക് നാം ഈ ഗ്രന്ഥം അവതരിപ്പിച്ചു തന്നത് സത്യപ്രകാരമാകുന്നു. അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കി കൊണ്ട് അവനെ നീ ആരാധിക്കുക. അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം. അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കി ത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കു ന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നു വോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. നുണയനും അവിശ്വാസിയുമായിട്ടുള്ളവനാ രോ അവനെ

അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച.﴿ (വി. ക്വു. സുമർ : 1,2,3)

അല്ലാഹുﷻ, മുർസലീങ്ങളെ നിയോഗിച്ചയച്ചതും വേദ ഗ്രന്ഥങ്ങൾ സർവ്വതും അവതരിപ്പിച്ചതും ഏകനും യാതൊരു പങ്കുകാരുമില്ലാത്ത അവൻ ആരാധിക്കപ്പെടുന്നതിനുവേണ്ടിയാ ണ്. അഥവാ ദുആഅ്(പ്രാർത്ഥന), ഇസ്തിഗാഥഃ(സഹായതേട്ടം), ഖൗഫ്(ഭയം), റജാഅ്(പ്രതീക്ഷ), നമസ്കാരം, നോമ്പ്, ബലി, തുടങ്ങിയ ആരാധനയുടെ ഇനങ്ങൾക്കൊണ്ട് അവൻ മാത്രം ആരാധിക്കപ്പെടുന്നതിനുവേണ്ടി. അല്ലാഹുﷻ ഉപരിസൂചിത ആയത്തുകളിൽ അത് വ്യക്തമാക്കി. ക്വുറൈശികളിലും മറ്റു മുള്ള ബഹുദൈവ വിശ്വാസികൾ അമ്പിയാമുർസലീങ്ങളോടും ഇതര സത്യപ്രബോധകന്മാരോടും പറഞ്ഞിരുന്നത് ഔലിയാക്ക ളെ ഞങ്ങൾ ആരാധിക്കുന്നത് അവർ മദ്ധ്യവർത്തികളായി ഞങ്ങളെ അല്ലാഹുﷻവിലേക്ക് അടുപ്പിക്കുന്നതിനുവേണ്ടിയാണ് എന്നും അല്ലാഹുﷻ ഉണർത്തുന്നു. അഥവാ, മുശ്‌രിക്കുകൾ അവരെ ആരാധിച്ചിരുന്നത് അവർ മദ്ധ്യവർത്തികളായി ആരാ ധിക്കുന്നവരെ അല്ലാഹുﷻവിലേക്ക് അടുപ്പിക്കുന്നതിനുവേണ്ടി യും അവർക്കുവേണ്ടി ശുപാർശ പറയുന്നതിനുവേണ്ടിയുമാ ണ്; അല്ലാതെ, ആരാധിക്കപ്പെടുന്നവരാണ് അവരെ സൃഷ്ടിക്കു കയും അവർക്ക് ഉപജീവനം നൽകുകയും പ്രപഞ്ചത്തിൽ കൈകാര്യകർതൃത്വം നിർവ്വഹിക്കുകയും ചെയ്യുന്നത് എന്നതി നാലല്ല. (അഥവാ, ഇത് അവർ ജൽപ്പിക്കുകയോ ഈ രീതിയിൽ വിശ്വസിക്കുകയോ ചെയ്തതിനാലല്ല എന്നർത്ഥം) എന്നിട്ടും അല്ലാഹുﷻ അവരെ വ്യാജമാക്കുകയും ആ

വിശ്വാസം കാരണത്താൽ അവരെ അവിശ്വാസികളാക്കുകയുമുണ്ടായി.

അല്ലാഹു ﷻ പറഞ്ഞു:

إِنَّ اللَّهَ يَحْكُمُ بَيْنَهُمْ فِي مَا هُمْ فِيهِ يَخْتَلِفُونَ إِنَّ اللَّهَ لَا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ

﴿......അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. നുണയനും അവിശ്വാസിയുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച.﴾ (വി. ക്വു. സുമർ: 3)

അല്ലാഹുﷻവോടൊപ്പം ആരാധിക്കപ്പെടുന്ന ഔലിയാക്കൾ മദ്ധ്യവർത്തികളായി തങ്ങളെ അല്ലാഹുﷻവിലേക്ക് അടുപ്പിക്കുമെന്ന അവരുടെ ജൽപനത്തിൽ അവർ വ്യാജന്മാരാണെന്ന് അല്ലാഹുﷻ ഇവിടെ വ്യക്തമാക്കി. അതിനാൽ അവർ കാഫിറുകളാണെന്ന് അവരുടെമേൽ അല്ലാഹുﷻ വിധിക്കുകയും ചെയ്തു. അതുകൊണ്ടാണ് അല്ലാഹുﷻ പറഞ്ഞത്:

إِنَّ اللَّهَ لَا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ

﴿...നുണയനും അവിശ്വാസിയുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച.﴾(വി. ക്വു. സുമർ: 3)

അല്ലാഹുﷻവോടൊപ്പം ആരാധിക്കപ്പെടുന്ന ബഹുദൈവവിശ്വാസികളുടെ ആരാധ്യന്മാരെ കുറിച്ച് അവർ ജൽപിക്കുന്നത്, അല്ലാഹുവിങ്കൽ ആരാധ്യന്മാർ തങ്ങളുടെ

ശുപാർശ കരാണെന്ന് സൂറത്ത് യൂനുസിലെ ആയത്തിൽ അല്ലാഹു ﷻ വ്യക്തമാക്കി. അല്ലാഹു ﷻ പറഞ്ഞു:

وَيَعْبُدُونَ مِـن دُونِ اللّهِ مَـا لاَ يَضُرُّهُمْ وَلاَ يَـنفَعُهُمْ وَيَقُولُـونَ هَــؤُلاء شُفَعَاؤُنَا عِندَ اللّهِ قُـلْ أَتُنَبِّئُـونَ اللّهَ بِمَـا لاَ يَعْلَـمُ فِي السَّـمَاوَاتِ وَلاَ فِي الأَرْضِ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ.......

﴿അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെ യ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ(ആ രാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശ ക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു....﴾ (വി. ക്വു. യൂനു സ്: 18) എന്നാൽ അവരുടെ ജൽപനത്തിൽ അവർ കളളവാദ മാണ് നടത്തുന്നതെന്ന് അല്ലാഹു ﷻ വ്യക്തമാക്കി:

قُلْ أَتُنَبِّئُونَ اللّهَ بِمَا لاَ يَعْلَمُ فِي السَّمَاوَاتِ وَلاَ فِي الأَرْضِ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ.

﴿......(നബിയേ,) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ള തായി അല്ലാഹുവിനറിയാത്ത വല്ലകാര്യവും നിങ്ങളവന്ന് അറി യിച്ചു കൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കു ന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായി രിക്കുന്നു.﴾ (വി. ക്വു. യൂനുസ്: 18)

അപ്പോൾ, ജിന്നുകൾക്കും ഇൻസുകൾക്കും നിർബന്ധ മായത്, അവർ ആരാധനകൾ അല്ലാഹു ﷻ വിനുമാത്രം നി ഷ്ക്കളങ്കമാക്കുക എന്നതും അല്ലാഹു ﷻ വെ കൂടാതെയുള്ള അമ്പിയാക്കളാകട്ടെ മറ്റുള്ളവരാകട്ടെ അവരെ, സഹായതേട്ടം കൊണ്ടോ

ഇബാദത്തിന്റെ ഇനങ്ങളിൽ മറ്റുവല്ലതുംകൊണ്ടോ ആരാധിക്കുന്നത് സൂക്ഷിക്കുക എന്നതുമാണ്. ഉപരിസൂചിത ആയത്തുകൾകൊണ്ടും അവയുടെ ആശയങ്ങളുള്ള ഇതര ആയത്തുകൾക്കൊണ്ടും അല്ലാഹുവിന്റെ തിരുദൂതരിﷺൽനിന്നും ഇതര പ്രവാചകരിൽനിന്നും സ്ഥിരപ്പെട്ട ആദർശംകൊണ്ടും കർമ്മങ്ങളനുഷ്ഠിക്കുകയാണ് വേണ്ടത്. അമ്പിയാക്കളഖില വും അല്ലാഹുﷻവെ ഏകപ്പെടുത്തുന്നതിലേക്കും ഇബാദാത്തു കൾ അവന് മാത്രമാക്കുന്നതിലേക്കും ആളുകളെ ക്ഷണിച്ചു. ആളുകൾ അല്ലാഹുﷻവിൽ പങ്കുചേർക്കുന്നതും അവനല്ലാത്ത വരെ ആരാധിക്കുന്നതും അവർ വിരോധിച്ചു. ഏതൊരു അടിസ്ഥാനവുമായിട്ടാണോ അല്ലാഹുﷻ പ്രവാചകപുങ്കവന്മാരെ നി യോഗിക്കുകയും വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും ചെ യ്തത്, ഏതൊരു അടിസ്ഥാനം കാരണത്താലാണോ അല്ലാഹു ﷻ ജിന്നുകളേയും ഇൻസുകളേയും സൃഷ്ടിച്ചത്, ആ ഇസ്‌ലാമി ക അടിസ്ഥാന ആദർശമത്രേ ഇത്. അതിനാൽ, വല്ലവനും അ മ്പിയാക്കളെക്കൊണ്ടും മറ്റും സഹായാർത്ഥന നടത്തുകയോ, അവരിൽനിന്ന് രക്ഷതേടുകയോ, ഇ ബാദാത്തുകളിൽ വല്ലതും അവരിലേക്ക് സമർപ്പിക്കുകയോ ചെയ്താൽ നിശ്ചയം, അ വൻ അല്ലാഹുﷻവിൽ ശിർക്ക് ചെയ്തിരിക്കുന്നു. അല്ലാഹുﷻ വോടൊപ്പം മറ്റുള്ളവരെ അവൻ ആരാധിച്ചിരിക്കുന്നു. ശിർക്കു ചെയ്താൽ ഉണ്ടാകുന്നതും വിശുദ്ധ ക്വുർആൻ ഉണർത്തിയ തുമായ അപകടങ്ങളിൽ അവൻ അകപ്പെടുകയും ചെയ്തിരി ക്കുന്നു. ശിർക്കുചെയ്താൽ ഉണ്ടാകുന്ന അപകടത്തെകുറിച്ച് അല്ലാഹു ﷻ പറഞ്ഞു:

ذَلِكَ هُدَى اللّهِ يَهْدِي بِهِ مَن يَشَاء مِنْ عِبَادِهِ وَلَوْ أَشْرَكُواْ لَحَبِطَ عَنْهُم مَّا كَانُواْ يَعْمَلُونَ

﴾......അവർ (അല്ലാഹുവോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു.﴿ (വി. ക്വു. അൻആം: 88)

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ

﴾തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.﴿ (വി. ക്വു. സുമർ: 65)

إِنَّ اللّهَ لاَ يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَن يَشَاء وَمَن يُشْرِكْ بِاللّهِ فَقَدِ افْتَرَى إِثْمًا عَظِيمًا

﴾തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.﴿ (വി. ക്വു. അന്നി സാഅ്: 48)

....إِنَّهُ مَن يُشْرِكْ بِاللّهِ فَقَدْ حَرَّمَ اللّهُ عَلَيهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ

﴾അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല.﴿ (വി. ക്വു. അൽ മാഇദഃ : 72)

മുസലിം നാടുകളിൽനിന്ന് വിദൂരമായതിനാൽ പ്രബോധനവും വിശുദ്ധ ക്വുർആനും തിരുസുന്നത്തും എത്തിയിട്ടില്ലാത്ത വ്യക്തി മാത്രമാണ് ഈ തെളിവുകളിൽനിന്ന് ഒഴിവാക്കപ്പെടുക. അയാളുടെ കാര്യം അല്ലാഹുﷻവിലേക്കാകുന്നു. അങ്ങിനെയുള്ള വ്യക്തിയുടെ വിഷയങ്ങളിൽ പണ്ഡിതന്മാരുടെ വാക്കുകളിൽ സ്വഹീഹായത് അവൻ അന്ത്യനാളിൽ പരീക്ഷി ക്കപ്പെടുമെന്നും കൽപന അനുസരിച്ചാൽ സ്വർഗ്ഗത്തിൽ പ്രവേ ശിക്കുമെന്നും ധിക്കരിച്ചാൽ നരകത്തിൽ പ്രവേശിക്കുമെന്നു മാണ്. ഇപ്രകാരം പ്രായപൂർത്തിയാകുന്നതിന് മുമ്പ് മരണപ്പെടുന്ന കുട്ടികളും ഈ തെളിവുകളിൽനിന്ന് ഒഴിവാക്കപ്പെടും. അവരുടെ വിഷയത്തിൽ രണ്ട് അഭിപ്രായങ്ങൾ ശരിയായി വ ന്നിട്ടുണ്ട്.

**ഒന്ന്:** അവർ അന്ത്യനാളിൽ പരീക്ഷിക്കപ്പെടും. ഉത്തരമേകിയാൽ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കും. ധിക്കരിച്ചാൽ അവർ നരകത്തിൽ പ്രവേശിക്കും. കാരണം പ്രായപൂർത്തിയാകുന്ന തിന് മുമ്പ് മരണപ്പെടുന്ന കുട്ടികളെകുറിച്ച് നബി ﷺ ചോദിക്ക പ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു:

« اللَّهُ أَعْلَمُ بِمَا كَانُوا عَامِلِينَ »

((അവർ പ്രവർത്തിക്കുന്നതിനെ കുറിച്ച് അല്ലാഹു ആകുന്നു കൂടുതൽ അറിയുന്നവൻ.)) (ബുഖാരി, മുസ്‌ലിം) അന്ത്യനാളിൽ

അവർ പരീക്ഷിക്കപ്പെട്ടാൽ അവരെ കുറിച്ചുള്ള അല്ലാഹുﷻവിന്റെ അറിവ് വെളിപ്പെട്ടു.

**രണ്ട്:** പ്രായപൂർത്തിയാകുന്നതിന് മുമ്പ് മരണപ്പെടുന്ന കുട്ടി കൾ സ്വർഗ്ഗാവകാശികളാണ്. കാരണം, അവർ വിധിവിലക്കു കൾ ബാധകമാകുന്നതിനുമുമ്പ് ഫിത്വ്റത്തിൽ മരണപ്പെട്ടവ രാണ്. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

كُلُّ مَوْلُودٍ يُولَدُ عَلَى الْفِطْرَةِ فَأَبَوَاهُ يُهَوِّدَانِهِ أَوْ يُنَصِّرَانِهِ أَوْ يُمَجِّسَانِهِ

((എല്ലാ കുട്ടികളും ഫിത്റത്തി(ഇസ്‌ലാമിൽ)ലാണ് ജനിക്കുന്നത്. അതിൽപ്പിന്നെ അവന്റെ മാതാപിതാക്കൾ അവനെ ജൂതനാക്കുന്നു, അല്ലെങ്കിൽ അവർ അവനെ ക്യസ്ത്യാനിയാക്കുന്നു, അല്ലെങ്കിൽ അവർ അവനെ അഗ്നിയാരാധകനാക്കുന്നു.)) (ബുഖാരി, മുസ്‌ലിം)

മുസ്‌ലിമിന്റെ റിപ്പോർട്ടിൽ ഇപ്രകാരം കൂടിയുണ്ട്:

فَأَبَوَاهُ يُهَوِّدَانِهِ وَيُنَصِّرَانِهِ وَيُشَرِّكَانِهِ

((അതിൽപ്പിന്നെ അവന്റെ മാതാപിതാക്കൾ അവനെ ജൂതനോ ക്യസ്ത്യാനിയോ അല്ലാഹുവിൽ പങ്ക്ചേർക്കുന്നവനോ ആക്കു ന്നു)) അദ്ദേഹത്തിന്റേതന്നെ മറ്റൊരു റിപ്പോർട്ടിൽ:

إِلَّا عَلَى هَذِهِ الْمِلَّةِ

((ഈ (ഇസ്‌ലാമിക)മില്ലത്തിലല്ലാതെ (ഒരു കുഞ്ഞും ജനിക്കുന്നി ല്ല) )) എന്നാണുള്ളത്.

സ്വപ്നത്തിൽ നബിﷺ ദർശിച്ച കാര്യങ്ങൾ പറഞ്ഞത് സമുറഃ ഇബ്നു ജുൻദുബ് رضي الله عنه റിപ്പോർട്ട് ചെയ്തപ്പോൾ അതിൽ ഇപ്രകാരം കാണാം:

«وَأَمَّا الرَّجُلُ الطَّوِيلُ الَّذِى فِى الرَّوْضَةِ فَإِنَّهُ إِبْرَاهِيمُ - ﷺ - وَأَمَّا الْوِلْدَانُ الَّذِينَ حَوْلَهُ فَكُلُّ مَوْلُودٍ مَاتَ عَلَى الْفِطْرَةِ» . قَالَ: فَقَالَ بَعْضُ الْمُسْلِمِينَ يَا رَسُولَ اللَّهِ وَأَوْلاَدُ الْمُشْرِكِينَ فَقَالَ رَسُولُ اللَّهِ - ﷺ- « وَأَوْلاَدُ الْمُشْرِكِينَ»

((എന്നാൽ, (സ്വർഗ്ഗ)ത്തോപ്പിൽ ഉള്ളതായ ഉയരമുള്ള വ്യക്തി, അത് ഇബ്റാഹീം ആകുന്നു. അദ്ദേഹത്തിന് ചുറ്റുമുള്ള കു ട്ടികൾ ഫിത്വ്റത്തിൽ മരണപ്പെട്ട എല്ലാകുട്ടികളുമാണ്. അപ്പോൾ മുസ്ലിംകളിൽ ചിലർ ചോദിച്ചു: അല്ലാഹുവിന്റെ തിരുദൂതരേ, ബഹുദൈവവിശ്വാസികളുടെ കുട്ടികളുമുണ്ടോ? അപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: ബഹുദൈവ വിശ്വാസിക ളുടെ കുട്ടികളും ഉണ്ട്. (ബുഖാരി)

ഉപരിസൂചിത തെളിവുകളുടെ വെളിച്ചത്തിൽ, പ്രായ പൂർത്തിയാകുന്നതിന് മുമ്പ് മരണപ്പെടുന്ന ബഹുദൈവവിശ്വാ സികളുടെ കുട്ടികളുടെ വിഷയത്തിൽ പറയപ്പെട്ട അഭിപ്രായ ങ്ങളിൽ കൂടുതൽ സ്വഹീഹായത് ഈ രണ്ടാമത്തെ അഭിപ്രായ മാകുന്നു. അല്ലാഹു ﷻ പറഞ്ഞു:

......وَمَا كُنَّا مُعَذِّبِينَ حَتَّى نَبْعَثَ رَسُولاً

﴿ഒരു ദൂതനെ അയക്കുന്നത് വരെ നാം (ആരെയും) ശിക്ഷി ക്കുന്നതുമല്ല.﴾ (വി. ക്വു. അൽ ഇസ്റാഅ് : 15)

സ്വഹീഹുൽ ബുഖാരിയിൽ കിതാബുൽ ജനാഇസിൽ 'പ്രായപൂർത്തിയാകുന്നതിന് മുമ്പ് മരണപ്പെടുന്ന കുട്ടികളുടെ വിഷയത്തിൽ പറയപ്പെട്ടത് ' എന്ന അദ്ധ്യായത്തിന്റെ വിശദീ കരണത്തിൽ ഇതാണ് പ്രാമാണികർ എത്തിപ്പെട്ടതായ, തെര ഞ്ഞെടുക്കപ്പെട്ടതും സ്വഹീഹായതുമായ അഭിപ്രായമെന്ന് ഇ മാം ഇബ്നുഹജർ رحمه الله രേഖപ്പെടുത്തിയിട്ടുണ്ട്.

ജീവിച്ചിരിപ്പുള്ള, ഹാജറുള്ള, വ്യക്തിയോട് അയാളുടെ കഴിവിൽപ്പെട്ടത് തേടുന്നത് ഇതിൽനിന്ന് ഒഴിവാക്കപ്പെടും. അത് ശിർക്കല്ല. കാരണം, മൂസാ عليه السلام കോപ്റ്റിക് വംശജനോടൊത്തുള്ള സംഭവത്തിൽ അല്ലാഹു ﷻ പറയുന്നു:

فَاسْتَغَاثَهُ الَّذِي مِن شِيعَتِهِ عَلَى الَّذِي مِنْ عَدُوِّهِ......

﴿അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനെതിരിൽ അദ്ദേഹത്തോട് സഹായം തേടി.﴾ (വി. ക്വു. അൽക്വസ്വസ്വ് : 15)

ഓരോ മനുഷ്യനും തന്റെ സഹോദരങ്ങൾക്ക് ആവശ്യമായ വിഷയങ്ങളിൽ തന്റെ കഴിവിൽപ്പെട്ടതുകൊണ്ട് അവരെ സഹായിക്കൽ ആവശ്യമായിവരും. അത് ശിർക്കിൽപ്പെട്ടതല്ല. പ്രത്യുത, അനുവദനീയമായ കാര്യങ്ങളിൽപ്പെട്ടതാണ്. തെളിവുകളുടെ തേട്ടമനുസരിച്ച് ചിലപ്പോൾ അത്തരം സഹകരണം സുന്നത്തായിരിക്കും മറ്റുചിലപ്പോൾ നിർബന്ധവുമായിരിക്കും.[1]

അല്ലാഹു سبحانه وتعالى വാകുന്നു തൗഫീക്വ് ഉടമപ്പെടുത്തിയവൻ. അവൻ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടേ...[2]

1. ഈ കൃതിയുടെ അവസാനത്തിലുള്ള അനുബന്ധ കുറിപ്പ് നോക്കുക.
2. മജ്മൂഅ് ഫതാവാ വ മക്വാലാത് ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസ് 7: 416

# അഞ്ച്

# നബി ﷺ യെക്കൊണ്ട് സത്യം ചെയ്യൽ ചില സുപ്രധാന ഫത്‌വകൾ

സ്തുതികൾ മുഴുവനും അല്ലാഹു ﷻ വിന് മാത്രമാകുന്നു. നമ്മുടെ പ്രവാചകൻ മുഹമ്മദ് നബിﷺയിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരന്മാരിലും അദ്ദേഹത്തിന്റെ മാർഗ്ഗത്തിൽ വഴിനടന്നവരിലും സ്വലാത്തും സലാമും അല്ലാഹു ﷻ വിൽനിന്ന് വർഷിക്കുമാറാകട്ടെ. ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസ് رحمه الله ഇപ്രകാരം ചോദിക്കപ്പെട്ടു:

? നബിﷺയെക്കൊണ്ട് സത്യം ചെയ്യുന്നത് ചിലർ പതിവാക്കിയിരിക്കുന്നു. അതൊരു വിശ്വാസപരമായ പ്രശ്നമാണെന്നുപോലും ഗൗനിക്കാതെയാണ് അവർ ഇങ്ങനെ സത്യം ചെയ്യുന്നത്. നബിﷺയെക്കൊണ്ട് സത്യം ചെയ്യുന്നതിന്റെ വിധിയെന്താണ്?

✍

നബി ﷺ യെക്കൊണ്ടോ അല്ലെങ്കിൽ ഇതര സൃഷ്ടികളെക്കൊണ്ടോ സത്യം ചെയ്യുന്നത് വലിയ തിന്മയും ശിർക്കിയ്യായ നിഷിദ്ധങ്ങളിൽപ്പെട്ടതുമാണ്. ഏകനായ അല്ലാഹുﷻവെക്കൊണ്ടല്ലാതെ സത്യം ചെയ്യൽ ആർക്കും അനുവദനീയമല്ല. അല്ലാഹുﷻ അല്ലാത്തവരെക്കൊണ്ട് സത്യംചെയ്യൽ അനുവദനീയമല്ലെന്നത് പണ്ഡിതന്മാരുടെ

ഏകാഭിപ്രായമാണെന്ന് ഇമാം ഇബ്നുഅ ബ്ദിൽബർറ് رحمه الله രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാഹു ﷻ അല്ലാ ത്തവരെക്കൊണ്ട് സത്യംചെയ്യുന്നത് വിരോധിച്ചുകൊണ്ടും അ ത് ശിർക്കാണെന്ന് ഉണർത്തിക്കൊണ്ടും നബിﷺയിൽനിന്ന് ഹദീഥുകൾ സ്വഹീഹായി സ്ഥിരപ്പെട്ടിരിക്കുന്നു.

« أَلاَ إِنَّ اللَّهَ يَنْهَاكُمْ أَنْ تَحْلِفُوا بِآبَائِكُمْ ، مَنْ كَانَ حَالِفًا فَلْيَحْلِفْ بِاللَّهِ ، أَوْ لِيَصْمُتْ »

((അറിയുക, നിശ്ചയം നിങ്ങൾ നിങ്ങളുടെ പിതാക്കളെക്കൊ ണ്ട് സത്യംചെയ്യുന്നത് അല്ലാഹു വിരോധിക്കുന്നു. വല്ലവനും സ ത്യം ചെയ്യുകയാണെങ്കിൽ അവൻ അല്ലാഹുവെക്കൊണ്ട് സത്യം ചെയ്യട്ടേ അല്ലെങ്കിൽ മൗനംദീക്ഷിക്കട്ടെ.)) മറ്റൊരു റിപ്പോർട്ടിൽ:

« فَلْيَحْلِفْ بِاللَّهِ ، أَوْ لِيَسْكُتْ »

((അവൻ അല്ലാഹുവെക്കൊണ്ട് സത്യം ചെയ്യട്ടേ അല്ലങ്കിൽ മി ണ്ടാതിരിക്കട്ടെ.)) (ബുഖാരി, മുസ്ലിം) എന്നാണുള്ളത്.

ഇബ്നു ഉമറി رضي الله عنه ൽനിന്ന് നിവേദനം. നബിﷺ പറ ഞ്ഞു:

«مَنْ حَلَفَ بِغَيْرِ اللَّهِ فَقَدْ كَفَرَ أَوْ أَشْرَكَ »

((വല്ലവനും, അല്ലാഹു അല്ലാത്തവരെക്കൊണ്ട് സത്യംചെയ്താൽ തീർച്ചയായും അവൻ കുഫ്റ് ചെയ്തു അല്ലെങ്കിൽ ശിർക്ക് ചെയ്തു.)) [1]

---

[1] *സുനനു അബീദാവൂദ്, സുനനുത്തിർമുദി, അൽബാനി സ്വഹീഹായി അംഗീകരിച്ചിട്ടുണ്ട്.*

«مَنْ حَلَفَ بالأَمَانَةِ فَلَيْسَ مِنَّا»

((വല്ലവനും, അമാനത്ത് കൊണ്ട് സത്യംചെയ്താൽ അവൻ നമ്മിൽപ്പെട്ടവനല്ല.)) [1]

ഈ വിഷയത്തിൽ ഹദീഥുകൾ ധാരാളവും സുവിദിതവുമാണ്. ഏകനായ അല്ലാഹുﷻവിനെക്കൊണ്ടല്ലാതെ സത്യംചെയ്യാതിരിക്കുക എന്നതാണ് ഓരോ മുസ്ലിമിനും വാജിബായത്. ഉപരി സൂചിത ഹദീഥുകളുടേയും മറ്റും വെളിച്ചത്തിൽ, അല്ലാഹു ﷻ അല്ലാത്തവർ എത്ര വലിയവരായാലും അവരെക്കൊണ്ട് സത്യംചെയ്യൽ ഒരാൾക്കും അനുവദനീയമല്ല. അല്ലാഹുﷻ അല്ലാത്തവരെക്കൊണ്ട് സത്യംചെയ്യുന്നത് പതിവാക്കിയവർ അത് ഭയക്കേണ്ടതും തന്റെ കുടുംബത്തേയും കൂട്ടുകാരേയും മറ്റും അതിനെത്തൊട്ട് വിരോധിക്കേണ്ടതും അനിവാര്യമാണ്.

നബി ﷺ പറഞ്ഞു:

« مَنْ رَأَى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ وَذَلِكَ أَضْعَفُ الإِيمَانِ »

((നിങ്ങളിൽ വല്ലവനും ഒരു തിന്മ കണ്ടാൽ, ഉടൻ അവന്റെ കൈകൊണ്ട് അതിനെ തടഞ്ഞുകൊള്ളട്ടേ. അവന് അതിന് സാധിച്ചില്ലായെങ്കിൽ തന്റെ നാവുകൊണ്ട് അതിനെ തടഞ്ഞു കൊള്ളട്ടേ. അവന് അതിന് സാധിച്ചില്ലായെങ്കിൽ തന്റെ ഹൃദയംകൊണ്ട് (അതിനെ വെറുത്തുകൊള്ളട്ടേ.) അത് ഈമാനിൽ ഏറ്റവും ബലഹീനമായതാണ്)) (മുസ്ലിം)

---

[1] ***സുനനു അബീദാവൂദ്, അൽബാനി സ്വഹീഹായി അംഗീകരിച്ചിട്ടുണ്ട്.***

മുമ്പ് ഉണർത്തിയ ഹദീഥുകളുടെ വെളിച്ചത്തിൽ അല്ലാഹുﷻ അല്ലാത്തവരെക്കൊണ്ട് സത്യംചെയ്യുന്നത് ചെറിയ ശിർക്കിലാണ് ഉൾപ്പെടുക. ചിലപ്പോൾ, അത് വലിയ ശിർക്കായി ത്തീരും; സത്യംചെയ്യപ്പെടുന്ന സൃഷ്ടിയെക്കുറിച്ച് പ്രസ്തുത സൃ ഷ്ടി, അല്ലാഹുﷻവെപ്പോലെ ആദരവ് അർഹിക്കുന്നുണ്ടെന്നും അല്ലെങ്കിൽ അല്ലാഹുﷻവോടൊപ്പം ആരാധിക്കപ്പെടൽ അനുവ ദനീയമാണെന്നും മറ്റുമുള്ള കുഫ്റൻ വിചാരങ്ങൾ ക്വൽബിലു ടലെടുക്കുമ്പോഴാണത്.

ഇത്തരം തിന്മകളിൽനിന്നെല്ലാം മുഴുവൻ മുസ്ലിംകൾ ക്കും രക്ഷക്കും മതത്തിൽ പാണ്ഡിത്യം നൽകുന്നതിനും ഞാൻ അല്ലാഹുﷻവോട് കേഴുന്നു. അല്ലാഹുﷻവിന്റെ കോപം വന്നിറങ്ങുന്ന കാര്യങ്ങളിൽനിന്നും സുരക്ഷക്കായി ഞാൻ അ വനോട് തേടുന്നു. അല്ലാഹുﷻവാകുന്നു സസൂക്ഷ്മം കേൾ ക്കുന്നവനും സമീപസ്ഥനും.[1]

## രണ്ട്:

**?**നബിﷺയെക്കൊണ്ട് സത്യം ചെയ്യുന്നതിന്റെ വിധിയെ ന്താണ്?

✍

സൃഷ്ടികളിൽ യാതൊന്നിനെക്കൊണ്ടും സത്യംചെയ്യൽ അനു വദനീയമല്ല; പ്രസ്തുത സൃഷ്ടി, നബിയാകട്ടെ, കഅ്ബയാകട്ടെ, അമാനത്താകട്ടെ മറ്റുവല്ലതുമാകട്ടെ.

1. *മജ്മൂഅ് ഫതാവാ വ മക്വാലാത് ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസ്* 3: 145

ഇതാണ് ഭൂരിപക്ഷ പ ണ്ഡിതന്മാരുടേയും അഭിപ്രായം. ചില പണ്ഡിതന്മാർ, സൃഷ്ടിക ളിൽ യാതൊന്നിനെക്കൊണ്ടും സത്യംചെയ്യൽ അനുവദനീയ മല്ലെന്ന അഭിപ്രായത്തെ ഇജ്മാആയി (പണ്ഡിതന്മാരുടെ ഏ കാഭിപ്രായമായി)വരെ രേഖപ്പെടുത്തിയിട്ടുണ്ട്. നബിﷺയെ ക്കൊണ്ട് സത്യംചെയ്യൽ അനുവദനീയമാണെന്ന, ശരിയായ അഭിപ്രായത്തിന് വിരുദ്ധവും ഒറ്റപ്പെട്ടതുമായ ഒരു അഭിപ്രാ യം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അതിന് യാതൊരു തെളിവുമില്ലെന്ന് മാത്രമല്ല പ്രസ്തുത അഭിപ്രായം ബാത്വിലുമാകുന്നു. ഈ വിഷ യത്തിൽ സ്വഹീഹായി സ്ഥിരപ്പെട്ട ഹദീഥുകൾക്കും പണ്ഡിതന്മാ രുടെ ഇജ്മാഇനും എതിരാകുന്നു അത്. അമീറുൽമുഅ്മി നീൻ ഉമർ ഇബ്നുൽഖത്ത്വാബിؓൽനിന്ന് നിവേദനം:

«مَنْ حَلَفَ فَقَالَ فِى حَلِفِهِ وَاللاَّتِ وَالْعُزَّى، فَلْيَقُلْ لاَ إِلَهَ إِلاَّ اللَّهُ»

((വല്ലവനും സത്യം ചെയ്യുകയും തന്റെ സത്യത്തിൽ ലാത്ത യാണ് സത്യം, ഉസ്സയാണ് സത്യം എന്ന് പറയുകയും ചെ യ്താൽ, അവൻ 'ലാ ഇലാഹ ഇല്ലല്ലാഹ് ' പറയട്ടേ.)) (ബുഖാരി, മുസ്ലിം) അഥവാ, അല്ലാഹുﷻ അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യുന്നവൻ തന്റെ സത്യത്തിൽ ശിർക്ക് കൊണ്ടുവരികയാണ് ചെയ്യുന്നത്. പ്രസ്തുത ശിർക്ക് പൊറുക്കുന്നതിനുവേണ്ടി പ്രാ യശ്ചിത്തമെന്നോണം സത്യസന്ധവും നിഷ്കളങ്കവുമായി തൗ ഹീദിന്റെ വചനം പറയണമെന്നാണ് ഹദീഥ് താൽപര്യപ്പെടുന്നത്.

അബ്ദുല്ലാഹ് ഇബ്നുഉമറിؓൽനിന്ന് നിവേദനം. നബി ﷺ പറഞ്ഞു:

« مَنْ حَلَفَ بِغَيْرِ اللَّهِ فَقَدْ كَفَرَ أَوْ أَشْرَكَ »

((വല്ലവനും, അല്ലാഹു അല്ലാത്തവരെക്കൊണ്ട് സത്യംചെയ്താൽ തീർച്ചയായും അവൻ കുഫ്റ് ചെയ്തു അല്ലെങ്കിൽ ശിർക്ക് ചെയ്തു.)) [1]

«مَنْ حَلَفَ بالأَمَانَةِ فَلَيْسَ مِنَّا»

((വല്ലവനും, അമാനത്ത് കൊണ്ട് സത്യംചെയ്താൽ അവൻ നമ്മിൽപ്പെട്ടവനല്ല.)) [2]

لا تحلفوا بآبائكم ولا بأمهاتكم ولا بالأنداد ولا تحلفوا بالله إلا وأنتم صادقون

((നിങ്ങൾ, നിങ്ങളുടെ പിതാക്കളെക്കൊണ്ടും മാതാക്കളെക്കൊണ്ടും സമന്മാരെക്കൊണ്ടും സത്യം ചെയ്യരുത്. സത്യസന്ധന്മാരായിക്കൊണ്ടല്ലാതെ നിങ്ങൾ അല്ലാഹുവെക്കൊണ്ടും സത്യം ചെയ്യരുത്.)) [3]

ഇമാം അബൂഉമർ ഇബ്നുഅബ്ദിൽബർറ് رحمه الله, അല്ലാഹു سبحانه وتعالى അല്ലാത്തവരെക്കൊണ്ട് സത്യംചെയ്യുന്നത് ഹറാമാണെന്നതിൽ ഇജ്മാഅ് ഉദ്ധരിച്ചവരിൽപ്പെട്ട പണ്ഡിതനാണ്. അല്ലാഹു سبحانه وتعالى അല്ലാത്തവരെക്കൊണ്ട് സത്യംചെയ്യുന്നത് കറാഹത്താണെന്ന് ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. പ്രമാണങ്ങളെ പ്രയോഗവൽക്കരിച്ചും പണ്ഡിതന്മാരെ കുറിച്ചുള്ള സദ്വിചാരം മുഖവിലക്കെടുത്തും അവരുടെ അഭിപ്രായത്തെ 'കറാഹത്തുത്തഹ്രീം'

---

1 ***സുനനു അബീദാവൂദ്, സുനനുത്തിർമുദി, അൽബാനി സ്വഹീഹായി അംഗീകരിച്ചിട്ടുണ്ട്.***

2 ***സുനനു അബീദാവൂദ്, അൽബാനി സ്വഹീഹായി അംഗീകരിച്ചിട്ടുണ്ട്.***

3 ***സുനനു അബീദാവൂദ്, സുനനുന്നിസാഇ, അൽബാനി സ്വഹീഹായി അംഗീകരിച്ചിട്ടുണ്ട്.***

(ഹറാമാക്കിയതിനാൽ വെറുക്കപ്പെട്ടത്) എന്ന നിലയി ലാണ് പരിഗണിക്കേണ്ടത്. എന്നാൽ, ഈ വിഷയത്തെ ലാഘവ ത്തിൽ കൈകാര്യം ചെയ്ത ചിലർ, ഇസ്‌ലാമിക കാര്യങ്ങളെ ക്കുറിച്ച് ചോദിച്ച ഒരു വ്യക്തിയുടെ വിഷയത്തിൽ നബി ﷺ പറഞ്ഞു:

أَفْلَحَ وأَبِيهِ إِنْ صَدَقَ

((അദ്ദേഹത്തിന്റെ പിതാവാണെ, അദ്ദേഹം സത്യസന്ധനാണെ ങ്കിൽ അദ്ദേഹം വിജയിച്ചു.)) എന്ന സ്വഹീഹുമുസ്‌ലിമിൽ വന്ന ഹദീഥാണ് ന്യായമായി ഉദ്ധരിച്ചത്.

**അവർക്കുള്ള മറുപടി:**

1. സ്വഹീഹായി സ്ഥിരപ്പെട്ട ഹദീഥുകൾക്ക് എതിരും 'ശാദ്ദു'മായ റിപ്പോർട്ടാകുന്നു ഇത്. ശാദ്ദ് എന്നാൽ വിശ്വസ്ഥരായ ഒരു സംഘം ആളുകളോട് ഒരാൾ എതിരാകലാകുന്നു. ഇത്തരം ശാ ദ്ദായ റിപ്പോർട്ടുകളുമായി ബന്ധപ്പെടൽ അനുവദനീയമല്ലെന്ന താണ് പണ്ഡിതന്മാരുടെ വിധി.

2. ഇമാം ഇബ്നുഅബ്ദിൽബർറ് رَحِمَهُ اللَّهُ പറഞ്ഞതുപോലെ ഇത് എഴുത്തിൽവന്ന പിഴവാകാനും സാധ്യതയുണ്ട്. കാരണം, അ സ്വ്ലിൽ:

أَفْلَحَ واللهِ إِنْ صَدَقَ

((അല്ലാഹുവാണേ, സത്യസന്ധനാണെങ്കിൽ അദ്ദേഹം വിജയി ച്ചു.)) എന്നാണ്. എന്നാൽ, ചില എഴുത്തുകാരും നിവേദകന്മാ രും എഴുതിയപ്പോൾ പിഴവ് വന്നതാണ്.

3. അല്ലാഹു سُبْحَانَهُ وَتَعَالَى അല്ലാത്തവരെക്കൊണ്ട് സത്യംചെയ്യുന്നത് വി രോധിക്കപ്പെടുന്നതിനുമുമ്പ് നബി ﷺ അത് പറഞ്ഞതാകാനും സാധ്യതയുണ്ട്.

ഏതായാലും, അത് വിശ്വസ്ഥരായ ഒരു സംഘം ആളുകളോട് ഒരാൾ എതിരായി ഉദ്ധരിച്ച ഒറ്റപ്പെട്ട റിപ്പോർട്ടാകുന്നു. അത്തരം റിപ്പോർട്ടുകളെ അവലംബിക്കുക എന്നത് അല്ലാഹു ﷻവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർക്ക് അനുവദനീയമല്ല. അതാകട്ടേ, അല്ലാഹു ﷻ അല്ലാത്തവരെക്കൊണ്ട് സത്യംചെ യ്യുന്നത് ഹറാമാണെന്നും ശിർക്കാണെന്നും അറിയിക്കുന്ന വ്യക്തവും സ്വഹീഹുമായ ഹദീഥുകൾക്ക് എതിരാവുകയും ചെ യ്യുന്നു. സഅ്ദ് ഇബ്നു അ ബീവക്വാസ്വി ؓൽനിന്ന് ഇമാം നസാഈ رحمه الله സ്വഹീഹായ സനദോടുകൂടി റിപ്പോർട്ട് ചെയ്യു ന്നു: സഅ്ദ് ഇബ്നു അ ബീവക്വാസ്വ് ؓ ലാത്തയെക്കൊണ്ടും ഉസ്സയെക്കൊണ്ടും സത്യം ചെയ്തു. അങ്ങിനെ നബി ﷺയോട് അതിനെകുറിച്ച് ചോദിച്ചു: അപ്പോൾ നബി ﷺപറഞ്ഞു: ((താങ്കൾ,

لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٍ

'യഥാർത്ഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനാകുന്നു. അവന് യാതൊരു പങ്കുകാരുമില്ല. രാജാധിപത്യം അവനുമാത്രമാണ്. എല്ലാ സ്തുതികളും അവനു മാത്രമാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനു മാണ്.' എന്ന് പറയുക. താങ്കളുടെ ഇടതുഭാഗത്തേക്ക് മൂന്ന് തവണ ഊതുക. (അല്ലാഹുവിന്റെ കൃപയിൽനിന്ന്) അകറ്റപ്പെട്ട പിശാചിൽനിന്ന് താങ്കൾ അല്ലാഹുവോട് രക്ഷ തേടുക. താങ്കൾ ആവർത്തിക്കരുത്.))

ഈ ഹദീഥ്, അല്ലാഹുﷻ അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യുന്നത് ഹറാമും, ശിർക്കും, പൈശാചിക ദുർമന്ത്രങ്ങളു മാണെന്ന് ഉറപ്പിക്കുന്നു. അല്ലാഹുﷻ അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യുന്നത് ആവർത്തിക്കുന്നതിനെ വിരോധിച്ചുകൊ ണ്ടുള്ള തുറന്ന പ്രഖ്യാപനവും അതിലുണ്ട്.

അല്ലാഹുﷻവോട്, നമുക്കേവർക്കും ദീനിൽ പരിശുദ്ധി യും സദ്‌വിചാരവും സൽബുദ്ധിയും കനിയുവാൻ ഞാൻ കേ ഴുന്നു. നമ്മേയും മുഴുവൻ മുസ്‌ലിംകളേയും ദേഹേച്ഛയെ പിൻ പറ്റുന്നതിൽനിന്നും പൈശാചിക ദുർമന്ത്രങ്ങളിൽനിന്നും സം രക്ഷിക്കുവാൻ ഞാൻ ഇരക്കുന്നു. അല്ലാഹുﷻവാകുന്നു സ സൂക്ഷ്മം കേൾക്കുന്നവനും സമീപസ്ഥനും. അവൻ നമ്മെ ഏറ്റെടുത്ത് സഹായിക്കുമാറാകട്ടേ.[1]

---

1. മജ്മൂഅ് ഫതാവാ വ മക്വാലാത്, ശൈഖ് ഇബ്നു ബാസ് 3: 144

# അനുബന്ധം

***ഇസ്തിഗാഥഃയുടെ വിഷയത്തിൽ പാടുള്ളതും പാടില്ലാത്തതുമായ വശങ്ങൾ അറിയുന്നതിനുവേണ്ടി ഒരു അനുബന്ധ കുറിപ്പ് ഇവിടെ നൽകുന്നു. ഡോ. മുഹമ്മദ് അശ്റഫ് മൗലവി അറബിയിൽ തയ്യാറാക്കിയ ഒരു പ്രബന്ധം 'വിശുദ്ധ ക്വുർആൻ ആശയ വിവർത്തന ത്തിന്റെ വികാസ ചരിത്രം മലയാളത്തിൽ' എന്നപേരിൽ വിവർത്തനം ചെയ്ത ഗ്രന്ഥത്തിൽനിന്ന് ഒരു ഭാഗമാണ് പ്രസ്തുത കുറിപ്പ്.***

## പ്രാമാണികരുടെ വിശദീകരണങ്ങൾ:

മുസ്‌ലിംകൾ പൊതുവായും കേരള മുസ്‌ലിംകൾ വിശേ ഷിച്ചും പ്രശ്നത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുന്നതിനു വേണ്ടി, ഇവ്വിഷയകമായി പ്രാമാണികരായ പണ്ഡിതന്മാരിൽ നി ന്ന് ഉദ്ധരിക്കപ്പെട്ട വചനങ്ങളിൽ ചിലത് ഇവിടെ ഉദ്ധരിക്കുന്നത് നന്നായിരിക്കും. അത് ഇപ്രകാരമാണ്:

"മനുഷ്യൻ ചെയ്യുന്ന ഏതൊരു പ്രവർത്തനത്തിന്റെയും ഫല വും വിജയവും നിലകൊള്ളുന്നത് അതിലേക്ക് നയിക്കുന്ന നി മിത്തങ്ങളായി ദൈവയുക്തി നിശ്ചയിച്ചിട്ടുള്ള കാര്യങ്ങൾ ഉ ണ്ടാകുന്നതിനാലാണ്; അതിന് വിഘാതം സൃഷ്ടിക്കുന്ന തടസ്സ ങ്ങളായി ദൈവയുക്തി നിശ്ചയിച്ചിട്ടുള്ള കാര്യങ്ങൾ ഇല്ലാതാ കുന്നതിലുമാണ്. അല്ലാഹു ﷻ മനുഷ്യന് നൽകിയ അറിവും കഴിവും കൊണ്ട് അത്തരം തടസ്സങ്ങളിൽ ചിലത് നീക്കുവാനും, അത്തരം നിമിത്തങ്ങളിൽ ചിലത് നേടുവാനും അവന് സൗക ര്യം ചെയ്ത് കൊടുത്തിരിക്കുന്നു. അവയിൽ മറ്റുചിലത് അവ ന് നിഷേധിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ അവ യിൽനിന്ന് നമുക്ക് കഴിയുന്നത്

നിർവ്വഹിക്കുവാൻ നാം ബാ ധ്യസ്ഥരാണ്. നമ്മുടെ കർമ്മങ്ങൾ കഴിയുന്നത്ര ഭദ്രമാക്കുന്ന തിനുവേണ്ടി പരമാവധി ശക്തിയും കഴിവും നാം വിനിയോഗി ക്കേണ്ടതാണ്, നാം പരസ്പരം സഹകരിക്കേണ്ടതാണ്, പരസ്പ രം സഹായിക്കേണ്ടതാണ്. നമ്മുടെ കഴിവിനപ്പുറമുള്ള കാര്യ ങ്ങൾ എല്ലാറ്റിനും കഴിയുന്ന അല്ലാഹുﷻവിനെ ഏൽപ്പിക്കേണ്ട താണ്. നാം അഭയം തേടേണ്ടത് അല്ലാഹുﷻവിനോട് മാത്രമാ ണ്, നമ്മുടെ കർമ്മങ്ങളുടെ ഫല പ്രാപ്തിക്കും പരിസമാപ്തി ക്കും വേണ്ട സഹായം തേടേണ്ടത് അവനോട് മാത്രമാണ്; മറ്റാ രോടും ആയിക്കൂടാ. കാരണം എല്ലാ മനുഷ്യർക്കും ഒരുപോ ലെ നൽകപ്പെട്ട കാര്യകാരണങ്ങൾക്കപ്പുറമുള്ളത് സാധിപ്പിക്കു വാൻ കര്യകാരണങ്ങൾ നിശ്ചയിച്ച ഉടമകളുടെ ഉടമസ്ഥനായ അല്ലാഹുﷻവിനല്ലാതെ മാറ്റാർക്കും കഴിയില്ല. ﴾നിന്നോട് മാ ത്രം ഞങ്ങൾ സഹായം തേടുന്നു.﴿ എന്ന വചനം ﴾നിന്നെ മാ ത്രം ഞങ്ങൾ ആരാധിക്കുന്നു.﴿ എന്ന വചനത്തിന്റെ ആശയം പൂർത്തിയാക്കുന്നു. കരണം, ഇസ്തിആനത്ത് (استعانة) എ ന്നാൽ ഹൃദയത്തിൽനിന്ന് അല്ലാഹുﷻവിലേക്ക് പോകുന്ന ഭയ ഷ്പാടാണ്, ആത്മാവിന് അവനോടുള്ള ബന്ധമാണ്, അത് ആരാധനയുടെ മജ്ജയാണ്. ഒരു അടിമ അതുമായി അല്ലാഹു ﷻ അല്ലാത്തവരിലേക്ക് തിരിഞ്ഞാൽ ആ നടപടി ക്വുർആനി ന്റെ അവതരണകാലത്തും അതിന്റെ മുമ്പും പ്രചാരത്തിലു ണ്ടായിരുന്ന വിഗ്രഹാരാധനയുടെ ഒരിനമായിത്തീരും. ഇക്കാ ര്യം പ്രത്യേകമായി പറഞ്ഞത്, അല്ലാഹുﷻവിന് പുറമെ ഔലി യാക്കളെ സ്വീകരിച്ച് അവരോട് സഹായം തേടുന്നതും ആർ ക്കും ചെയ്യുവാൻ സാധിക്കാത്ത

കാര്യകാരണബന്ധങ്ങൾക്ക പ്പുറമുള്ള വിഷയങ്ങളിൽ അവരോട് സഹായമർത്ഥിക്കുന്നതും കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിൽ സാധാരണ ജനങ്ങ ളോട് സഹായം ചോദിക്കുന്നതുപോലെയാണെന്ന് വിവരദോ ഷികൾ തെറ്റിദ്ധരിക്കാതിരിക്കാനാണ്. ഈ സംശയം അല്ലാഹു ﷻ തന്റെ അടിയാറുകൾക്ക് ദൂരീകരിച്ചുകൊടുക്കുവാൻ ഉദ്ദേ ശിച്ചു. മനുഷ്യരുടെ കഴിവിൽപ്പെട്ട കാര്യങ്ങളിൽ സഹായം ചോ ദിക്കുന്നത് അല്ലാഹു ﷻ നിശ്ചയിച്ച നടപടിക്രമങ്ങൾ ഉപയോഗ പ്പെടുത്തുന്ന ഒരു രീതി മാത്രമാണ്. യന്ത്രസാമഗ്രികൾക്ക് എന്ത് സ്ഥാനമാണോ ഉള്ളത് അതേ സ്ഥാനം തന്നെയായി രിക്കും അതിനുമുള്ളത്. എന്നാൽ, അവർക്ക് ദാനമായി നൽ കപ്പെട്ട കഴിവുകൾക്കും തോതുകൾക്കും അപ്പുറമുള്ള കാര്യ ങ്ങളിൽ സഹായം തേടുന്നത് അങ്ങനെയല്ല. രോഗശമനത്തി നായി ഔഷധങ്ങൾ, പ്രതിവിധികൾ എന്നിവക്കപ്പുറമുള്ള കാര്യ ങ്ങളിൽ സഹായം തേടുക, ശത്രുവിനെ പരാജയപ്പെടുത്തു വാൻ ആൾബലം, യുദ്ധസന്നാഹം എന്നിവക്കപ്പുറമുള്ള കാര്യ ങ്ങളിൽ സഹായം തേടുക ഇങ്ങനെയുള്ള കാര്യങ്ങളിലെല്ലാം അല്ലാഹു ﷻ അല്ലാത്തവരിലേക്ക് തിരിയുന്നതും ഭയപ്പാടോടു കൂടി അവരെ സമീപിക്കുന്നതും അനുവദിക്കപ്പെടാത്തതാകു ന്നു. (*സയ്യിദ് റശീദ് രിദ്വാ, തഫ്സീറുൽമനാർ* 1: 58 59 )

( إِذَا سَأَلْتَ فَاسْأَلِ اللهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللهِ )

((നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹാ യം തേടുക) എന്ന നബിവചനത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം നവവി رَحِمَهُ الله പറഞ്ഞു: “അടിയാൻ തന്റെ മനസ്സ് അല്ലാഹു ﷻ അല്ലാത്തവരിൽ ബന്ധിച്ചിടുവാൻ പാടില്ല എന്ന്

ഇതിൽ സൂചന യുണ്ട്. മറിച്ച് തന്റെ എല്ലാ കാര്യങ്ങളും അല്ലാഹുﷻവിൽ ഭര മേൽപ്പിക്കണം. ഹിദായത്ത്, പാണ്ഡിത്യം, ക്വുർആനിലും സുന്ന ത്തിലുമുള്ള അറിവ്, രോഗശമനം, ഇഹത്തിലും പരത്തിലും ഉണ്ടായേക്കാവുന്ന പരീക്ഷണങ്ങളിൽനിന്നും ശിക്ഷകളിൽനി ന്നും ഉള്ള കാവൽ പോലെ താൻ തേടുന്ന കാര്യങ്ങൾ സാധാ രണ നിലയിൽ സൃഷ്ടികളുടെ കൈക്ക് നടക്കുന്നതല്ലെങ്കിൽ അത് അല്ലാഹുﷻവിനോട് മാത്രം ചോദിക്കുക. കരകൗശല വിദ്യകളും ജോലിവേലകളും ചെയ്യുന്നവർ ഭരണകർത്താക്കൾ എന്നിവരുമായി ബന്ധപ്പെട്ട ആവശ്യങ്ങൾപോലെ സാധാരണനി ലയിൽ സൃഷ്ടികളുടെ കൈക്ക് അല്ലാഹുﷻ നടത്തുന്ന കാര്യ ങ്ങളാണ് താൻ തേടുന്നതെങ്കിൽ അവരുടെ ഹൃദയങ്ങളിൽ തന്നോടുള്ള അനുകമ്പ ജനിപ്പിക്കുവാൻ അല്ലാഹുﷻവിനോട് പ്രാർത്ഥിക്കണം.'' അങ്ങനെ അദ്ദേഹം ഇത്രവരെ പറഞ്ഞു: "സൃ ഷ്ടികളോട് ചോദിക്കുന്നതും അവരെ അവലംഭിക്കുന്നതും അ ധിക്ഷേപാർഹമായ നടപടിയാണ്. വേദങ്ങളിൽ അല്ലാഹുﷻവി നെ ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: അവൻ തന്റെ ഹൃദയവികാരങ്ങളുമായി അവരവരുടെ കവാടങ്ങൾ മു ട്ടുകയാണോ, എന്റെ കവാടങ്ങൾ മലർക്കെ തുറന്നു കിടന്നി ട്ടും? ഞാൻ എല്ലാറ്റിനും കഴിവുറ്റ രാജാധിരാജനായിരിക്കെ വിപൽഘട്ടങ്ങളിൽ മറ്റുള്ളവരിലാണോ അവൻ പ്രതീക്ഷയർപ്പി ക്കുന്നത്, ഇതരരിൽ പ്രതീക്ഷയർപ്പിച്ചവനെ ഞാൻ നിന്ദ്യതയു ടെ മേലാടയണിയിക്കും; തീർച്ച! (ഇമാം നവവി, ശറഹുൽ അർ ബഈൻ അന്നവവിയ്യ. പേജ് 32)

'വിശുദ്ധ ക്വുർആൻ ആശയ വിവർത്തനത്തിന്റെ വികാസ ചരിത്രം മലയാളത്തിൽ' പേജ് 94-97

# ഉള്ളടക്കം


| | |
|---|---|
| • വിവർത്തകക്കുറിപ്പ് | 2 |
| • ശിർക്കുൽഅക്ബറും ശിർക്കുൽഅസ്വ്ഗറും തമ്മിലുള്ള വ്യത്യാസങ്ങൾ | 3 |
| • ശിർക്കുൽഅക്ബർ | 3 |
| • ശിർക്കുൽഅസ്വ്ഗർ | 8 |
| • കലിമഃ ചൊല്ലുന്ന മുസ്‌ലിമും സഹായതേട്ടവും | 15 |
| • ശിർക്കിന്റെ ഇനങ്ങൾ | 19 |
| • ലോകമാന്യത | 24 |
| • നബി ﷺ യോട് സഹായം തേടൽ: ഒരു സുപ്രധാന ഫത്‌വ | 28 |
| • നബി ﷺ യെക്കൊണ്ട് സത്യം ചെയ്യൽ: ചില സുപ്രധാന ഫത്‌വകൾ | 41 |
| • അനുബന്ധം | 50 |
| • ഉള്ളടക്കം | 55 |